KANDANAD
# DIOCESAN BULLETIN
A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 1 No. 8, 2013 August 15**

എഡിറ്റോറിയൽ

# പുതിയ പുണ്യം

**ക**ഴിഞ്ഞ ആറാം തീയതി ലോക അവയവദാനദിനമായിരുന്നു. അവയവ ദാനം സംബന്ധിച്ച പൊതുജനത്തിന്റെ ഭയാശങ്കകളും അന്ധവിശ്വാസങ്ങളും അകറ്റുകയും അവയവ ദാനത്തിന് അവരെ പ്രോത്സാഹിപ്പിക്കുകയും അതിനുള്ള നടപടിക്രമങ്ങളും നിയമങ്ങളും അവർക്കു മനസ്സിലാക്കി കൊടുക്കുകയുമാണ് ഈ ദിനാചരണത്തിന്റെ ഉദ്ദേശ്യം.

ഒരു ശരീരത്തിൽ നിന്ന് മറ്റൊരു ശരീരത്തിലേയ്ക്ക് അവയവം പറുച്ചു നടുന്നതിനാണ് അവയവം മാറ്റി വയ്ക്കൽ (Organ transplant) എന്നു പറയുന്നത്. വളരെ സങ്കീർണ്ണമായ ഒരു ശസ്ത്രക്രിയയാണിത്. ഏറെ വൈദഗ്ദ്ധ്യവും, സാങ്കേതിക ജ്ഞാനവും സജ്ജീകരണവും ഇതിനാവശ്യമാണ്. മരിച്ച ഒരാൾക്ക് അൻപതോളം പേരുടെ ശരീരത്തിൽ പറ്റിച്ചേർന്ന് തുടർജീവിതം നയിക്കുന്നതിന് ഇത് സാധ്യത നൽകുന്നു. യന്ത്രഭാഗങ്ങൾക്ക് കേടുസംഭവിച്ചാൽ അവ മാറ്റി വച്ച് പഴയരീതിയിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നതു പോലെ മനുഷ്യ ശരീരത്തിന്റെ പല ജീവൽ പ്രധാനമായ ഭാഗങ്ങളും കേടുവരുമ്പോൾ ജീവനുള്ളവരിൽ നിന്നോ മൃതശരീരങ്ങളിൽ നിന്നോ സമാന അവയവങ്ങൾ അറുത്തെടുത്ത് കേടു വന്നവയുടെ സ്ഥാനത്ത് ചേർത്ത് പിടിപ്പിച്ച് ന്യൂനത പരിഹരിക്കുന്നതിന് ഇതു വഴി സാധ്യമാണ്. ത്വക്ക്, ഹൃദയം, വൃക്ക, കരൾ, ആഗ്നേയ ഗ്രന്ഥി, കുടൽ എന്നിവ വിജയകരമായി മാറ്റി വയ്ക്കപ്പെടുന്നു.

അവയവം മുഴുവനായി മാറ്റി വയ്ക്കുന്നതിനു പകരം അതിന്റെ അംശമോ, കോശസമൂഹമോ (tissue) ഇപ്രകാരം മാറ്റി വയ്ക്കപ്പെടുന്നുണ്ട്. ഇതിനെ tissue transplant എന്നു പറയുന്നു. സാമാന്യമായി പറഞ്ഞാൽ ഇതും അവയവം മാറ്റിവയ്ക്കലിൽ പെടും. ഹൃദയവാൽവ്, ധമനികൾ, പേശികൾ, ടെൻഡൻസ്, അസ്ഥികൾ, ലിഗമെന്റ്സ് എന്നിവ മാറ്റിവയ്ക്കുന്നത് ഇക്കൂട്ടത്തിൽ പെടുന്നു. രക്തം ദ്രവരൂപത്തിലുള്ള ടിഷ്യു ആകയാൽ രക്തദാന-സ്വീകരണങ്ങളെയും കർശനമായ അർത്ഥത്തിൽ ഇതിൽ ഉൾപ്പെടുത്താം.

മാറ്റി വയ്ക്കുന്നതിനുള്ള അവയവങ്ങളും അവയവാംശങ്ങളും ജീവനുള്ളവരിൽ നിന്നോ, മസ്തിഷ്ക മരണം സംഭവിച്ചവരിൽ നിന്നോ, മൃത ശരീരങ്ങളിൽ നിന്നോ സ്വീകരിക്കാവുന്നതാണ്. മൃതശരീരത്തിൽ നിന്നാണ് സ്വീകരിക്കുന്നതെങ്കിൽ ഹൃദയസ്പന്ദനം നിലച്ചിട്ട് 24 മണിക്കൂറിനകം അതു നടത്തേണ്ടതാണ്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ ഏറ്റവും വെല്ലുവിളി ഉയർത്തുന്ന ശാഖയാണിത്. അതോടൊപ്പം ഒട്ടേറെ സാധ്യതകളും അത് വച്ചു നീട്ടുന്നു. ദൈവത്തിന്റെ വിശേഷ ശക്തികൾ മനുഷ്യൻ ആർജിക്കുന്ന പ്രക്രിയയാണല്ലോ ഇത്.

ഒരാളുടെ അവയവം മറ്റൊരാളുടെ ശരീരത്തിൽ തുന്നിച്ചേർക്കുക എന്നത് ഒരു യാന്ത്രിക പ്രവർത്തനമാണെങ്കിലും മാറ്റി വയ്ക്കപ്പെട്ട അവയവത്തെ പുതിയ ശരീരത്തിന്റെ ഭാഗമാക്കിത്തീർക്കുക ഏറ്റം ശ്രമകരമായ പ്രക്രിയയാണ്. പുതിയ അവയവത്തെ ശരീരം നിരസി (reject) ക്കുവാനുള്ള സാധ്യത വളരെയാണ്. അതു സംഭവിക്കാതിരിക്കണമെങ്കിൽ ശസ്ത്രക്രിയക്കു മുമ്പു മുതൽ തന്നെ വേണ്ടത്ര പരിശോധനകൾ നടത്തേണ്ടതുണ്ട്.

അവയവം മാറ്റി വയ്ക്കലിന്റെ ചരിത്രത്തിലെ ചില വൻ സംഭവങ്ങൾ കുറിക്കുന്നു. 1905-ൽ ചെക്കോസ്ലോവോക്യൻ ശാസ്ത്രജ്ഞനായ എഡ്വേർഡ് സേം എന്നയാൾ ആദ്യമായി കണ്ണിന്റെ കോർണിയ വിജയകരമായി മാറ്റി വച്ചു. 1950-ൽ ഡോ. റിച്ചാർഡ് എച്ച്. ലാവ്ലൻ എന്ന അമേരിക്കൻ വിജയകരമായി വൃക്ക മാറ്റിവയ്ക്കൽ നടത്തി. മരിച്ച ആളുടെ ശരീരത്തിൽ നിന്ന് എടുത്ത വൃക്ക ആദ്യമായി ജീവ ശരീരത്തിൽ പറിച്ചു നട്ടത് 1962-ൽ അമേരിക്കയിലാണ്. 1966-ൽ അമേരിക്കയിലെ റിച്ചാർഡ് ലില്ലഹെ, വില്യം കെയ്ലി എന്നിവർ ചേർന്ന് വിജയകരമായി പാക്രിയാസ് മാറ്റിവയ്ക്കൽ നിർവ്വഹിച്ചു. അടുത്ത വർഷം തോമസ് സ്റ്റാർസി ആദ്യമായി കരളിന്റെ മാറ്റവയ്ക്കൽ വിജയകരമായി സാധിച്ചു. അതേ വർഷം തന്നെ ദക്ഷിണാഫ്രിക്കയിലെ കേപ്പ് ടൗണിൽ വച്ച് ക്രിസ്ത്യൻ ബർണാഡ് എന്ന ഭിഷഗ്വരൻ ഹൃദയം മാറ്റിവയ്ക്കൽ വിജയകരമായി നടത്തി. 2005-ൽ ആദ്യമായി അണ്ഡാശയം മാറ്റി വയ്ക്കൽ ബോംബെയിൽ വച്ച് ഡോ. പി.എൻ. മ്ഹോത്രേ വിജയകരമായി നിർവ്വഹിച്ചു. മാറ്റിവയ്ക്കപ്പെട്ട അണ്ഡാശയത്തിൽ നിന്ന് 2008-ൽ ആദ്യമായി ഒരു ശിശു പിറന്നു. 2013, അതായത് ഈ വർഷമാണ് ഒരാളുടെ മുഖം അപ്പാടെ ഒരു ശസ്ത്രക്രിയമൂലം വിജയകരമായി മാറ്റിവയ്ക്കപ്പെട്ടത്. പോളണ്ടിലാണ് ഈ സംഭവം.

ദാഹിക്കുന്നവന് ഒരു പാത്രം പച്ചവെള്ളം കൊടുക്കുന്നതുപോലും ദൈവം വിലമതിക്കുന്ന കാര്യമാണെന്ന് ക്രിസ്തു പഠിപ്പിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ അവയവം നഷ്ടപ്പെട്ട ഒരാൾക്ക് അതു നൽകുന്നത് എത്രയോ വലിയ

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editor*
**Fr. Kochuparambil Geevarghese Ramban**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.dioceseofkandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**പുതിയ പുണ്യം** .................................... 1

**പരിസ്ഥിതി തകർത്തുവേണമോ വികസനം? – 3** .... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**അജപാലന ദൈവശാസ്ത്രം** ........................ 5
ഫാ. അബി ഉലഹന്നാൻ

**കുറ്റവും ശിക്ഷയും** ................................ 6
സൈമൺ പെരിയാമ്പ്ര

**യജമാൻ വരു** ........................................ 8
വി.പി.

**മനുഷ്യന്റെ സുഖം ദൈവത്തിന് ആനന്ദം** ........... 9
ഫാ. ഗീവർഗീസ് കുന്നംകുളം

**ക്യാൻസർ, അറിയേണ്ട ചില വസ്തുതകൾ**..........11
ഡോ. ജിജാ രാജൻ, R.C.C. തിരുവനന്തപുരം

**ശുഭാപ്തി വിശ്വാസവും പ്രത്യാശയും** ...............13
ഡോ. ബിനോയ് കുര്യാക്കോസ്

**മനുഷ്യമാലാഖ** .................................... 15
ഡോ. ചാണ്ടി പോൾ

**കടൽപക്ഷികൾ അന്നടുത്തുവന്നില്ല**............ 16
സ്വാമി സുഖബോധാനന്ദ


പുണ്യ പ്രവൃത്തിയാണ്! മരണശേഷവും അതാവാം എന്നുള്ളത് വിസ്മയകരവും അനായാസകരവുമാണ്. മറ്റൊരുവനുവേണ്ടി ജീവൻ നൽകുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് യേശു പ്രഖ്യാപിക്കുന്നു. അവിടെ ഒരാൾക്കെങ്കിലും ജീവൻ വെടിയേണ്ടി വരുന്നുണ്ട്. എന്നാൽ അവയവദാനം കൊണ്ട് ജീവത്രാണം കൂടാതെ തന്നെ അപരന് ജീവൻ നൽകാൻ സാധ്യമാണ്. മരിച്ച ഒരാൾക്കാണെങ്കിൽ തന്റെ അവയവങ്ങളെല്ലാം ദാനം ചെയ്യുന്ന പക്ഷം മറ്റ് അൻപതോളം പേരുടെ ശരീരത്തിൽ ജീവനോടെ വസിക്കാൻ കഴിയും. ഇതെത്രയോ വലിയ ഭാഗ്യം!

ഇതെല്ലാമായിട്ടും ഇന്ത്യയിൽ അവയവദാനത്തിന് സന്നദ്ധത കാണിക്കുന്നവർ ദശലക്ഷത്തിൽ 0.16 പേർ മാത്രമാണ്. അമേരിക്കയിൽ അത് 25-ഉം സ്പെയിനിൽ 35-ഉം ആണ്. ഇൻഡ്യയിലാകട്ടെ അവയവ മാറ്റം ആവശ്യമുള്ളവരുടെ എണ്ണം ഏറ്റവും കൂടുതലും. പ്രമേഹം, അതിരക്തസമ്മർദ്ധം, എന്നിവമൂലം ഇവിടെ വൃക്ക-ഹൃദയരോഗികളുടെ സംഖ്യ കുതിച്ചുയരുകയാണ്. വർദ്ധിച്ചുവരുന്ന മദ്യപാനം, ഹെപ്പാറ്റെറ്റിസ് എന്നിവ മൂലം ദശലക്ഷക്കണക്കിനാളുകൾക്ക് കരൾ നഷ്ടപ്പെടുന്നു. പുകവലി നിമിത്തം അനേകർക്ക് ശ്വാസകോശാർബ്ബുദം പിടിപെടുന്നു. ഇവർക്കെല്ലാം ഏക പ്രതീക്ഷ അവയവ മാറ്റിവയ്ക്കലാണ്.

അവയവദാനത്തിനുള്ള നിയമങ്ങളും നടപടികളും ലളിതവും സുകരവുമാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ കൂടുതൽ പേരെ ഈ സത്ക്കർമ്മത്തിന് പ്രേരിപ്പിക്കാനാവൂ. ഇത് സർക്കാരിന്റെ പക്ഷത്തുനിന്നുണ്ടാകേണ്ടതാണ്. അർഹരായ വ്യക്തികളെ എളുപ്പം കണ്ടെത്തുന്നതിനും നിരപായം അവയവദാനം നിർവ്വഹിക്കുന്നതിനും സാഹചര്യമുണ്ടാവണം. നിയമക്കുരുക്കുകളിലും നൂലാമാലകളിലും കുരുങ്ങി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വൈകുവാൻ ഇടയാകരുത്. അതു പലപ്പോഴും രോഗിയുടെ ജീവഹാനിയിൽ കലാശിക്കും. അതേസമയം അവയവ മോഷണത്തിനും അവയവ കച്ചവടത്തിനുമുള്ള പഴുതുകൾ അടയ്ക്കുകയും വേണം,

അവയവദാനത്തെ പ്രോത്സാഹിപ്പിക്കേണ്ടത് സഭ ഒരു ദൗത്യമായി കാണേണ്ടതുണ്ട്. അതിനുള്ള ബോധവത്ക്കരണ പരിപാടികൾ ഇടവകതോറും ഭക്തസംഘടനകളുടെ നേതൃത്വത്തിൽ നടത്തണം. അവയവം മാറ്റി വയ്ക്കൽ സംബന്ധിച്ച എല്ലാ ഭീതിയും അന്ധവിശ്വാസങ്ങളും സഭാംഗങ്ങളിൽ നിന്നു ദൂരീകരിക്കണം. അവയവദാനത്തെ പ്രോത്സാഹിപ്പിക്കുന്ന 'ജീവൻ ദാൻ' പോലെയുള്ള പദ്ധതികൾ മിക്ക സംസ്ഥാന സർക്കാരുകളും ആരംഭിച്ചു കഴിഞ്ഞു. തമിഴ്നാട് ഇക്കാര്യത്തിൽ ബഹുദൂരം മുമ്പിലാണ്. ആന്ധ്രാപ്രദേശാണ് രണ്ടാം സ്ഥാനത്ത്. ഏറ്റവും കൂടുതൽ ക്രിസ്ത്യാനികളുള്ള കേരളം അയൽപക്കത്തുപോലുമില്ല. സർക്കാരിന്റേയും സന്നദ്ധസംഘടനകളുടേയും ഈ രംഗത്തെ പ്രവർത്തനങ്ങളോട് സഭാംഗങ്ങൾ കൈകോർക്കണം. ഒരു ഇടവകയിൽ പോലും ഒരു രോഗിയും അവയവം മാറ്റിവയ്ക്കലിന് ദാതാവിനെ കിട്ടാതെ വിഷമിക്കുന്ന അവസ്ഥയുണ്ടാകരുത്. മരണശേഷവും നന്മ ചെയ്യുവാനും മറ്റുള്ളവരുടെ ശരീരത്തിലെങ്കിലും ജീവനോടെ കഴിയുന്നതിനും സാധ്യമാക്കുന്ന ശാസ്ത്രീയ നേട്ടം നിരാകരിക്കാത്ത വിധം അവസരത്തിനൊത്ത് ഉയരേണ്ടത് സഭാമക്കളുടെ കടമയാണെന്നു മറക്കരുത്. അവയവ ദാനത്തിനുള്ള സമ്മതപത്രം അധികാരികൾക്ക് സമർപ്പിക്കുക. ജീവൻ രക്ഷാ പദ്ധതിയിൽ പങ്കാളികളാവുക.

**മെത്രാപ്പോലീത്തായുടെ കത്ത്**

# പരിസ്ഥിതി തകർത്തുവേണമോ വികസനം? -2

പരിസ്ഥിതിക്കാര്യം ഒരു വേദശാസ്ത്ര-വിശ്വാസവിഷയം കൂടിയാണ്. ദൈവത്തിന്റെ മനോഹരമായ സൃഷ്ടിയാണ് ഭൂമി. അതിന്റെ ആവാസവ്യവസ്ഥ ചില അടിസ്ഥാന ക്രമീകരണ നിയന്ത്രണങ്ങളുടെ പരിധിയിലാണ് നിലനിൽക്കുന്നത്. ഈ സംവിധാനം ക്ഷതം കൂടാതെ നിലനിന്നാൽ മാത്രമേ മനുഷ്യൻ ഉൾപ്പടെയുള്ള ജീവ ജാലങ്ങൾക്ക് അതിജീവന സാധ്യതയുള്ളൂ. കാരണം, അവയുടെ നിലനിൽപ്പ് പരിസ്ഥിതിയെ ആശ്രയിച്ചാണ്. എന്നാൽ ഭൂമിയുടെ നിലനിൽപ്പ് മനുഷ്യനെ ആശ്രയിച്ചല്ല. അത് നിലനിൽക്കുകയും ദീർഘകാലംകൊണ്ട് അതിനു നഷ്ടമായത് വീണ്ടെടുക്കുകയും ചെയ്യും. ഈ ആവാസ വ്യവസ്ഥയെ ആശ്രയിച്ചു കഴിയുന്ന മനുഷ്യൻ അത് നഷ്ടപ്പെട്ടാൽ ഭൂമുഖത്തു നിന്നു തന്നെ നിർമാർജനം ചെയ്യപ്പെട്ടിരിക്കും. മനുഷ്യൻ ഈ ധാർമിക-നൈതീക നിയന്ത്രണങ്ങൾ കണ്ടെത്തി അവ പാലിച്ച് പ്രകൃതിയുടെ ജൈവാവസ്ഥയും മനുഷ്യന്റെ അതിജീവന സാധ്യതയും നിലനിർത്തുകയാണ് സൃഷ്ടിയെ സംബന്ധിച്ചുള്ള ദൈവ താൽപര്യം. എന്നാൽ അവയെ അവഗണിച്ചും ലംഘിച്ചും പ്രകൃതിയുടെ ആവാസ വ്യവസ്ഥ തകർത്താൽ മനുഷ്യൻ സ്വന്തം നിലനിൽപ്പായിരിക്കും അപകടത്തിലാക്കുന്നത്. പരിധികളുടെ ലംഘനമാണ് ഉൽപ്പാദന-ഉപഭോഗ രംഗങ്ങളിൽ കുറേ കാലമായി കണ്ടുവരുന്നത്. ദൈവ ക്രമീകൃതമായ പ്രപഞ്ച സംവിധാനത്തെ നിലനിർത്തി ജീവൻ ഭൂമിയിൽ നഷ്ടമാകാതെ സൂക്ഷിക്കേണ്ടത് മനുഷ്യന്റെ നിയോഗപരമായ വിശ്വാസ ബാധ്യതയാണ്. അതുകൊണ്ട് ഭുമിയെ വിപണന ചരക്കായും ചൂഷണ വസ്തുവായും കാണാനാവില്ല. പാരിസ്ഥിതിക നിയമങ്ങൾ ദൈവ കൽപ്പിതമെന്നു തിരിച്ചറിയേണ്ടതുണ്ട്. ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിലൂടെ പ്രകൃതിക്കെതിരെയുള്ള വിധ്വംസക പ്രവർത്തനങ്ങൾക്ക് തടയിടുവാനുള്ള ശ്രമത്തിന് എതിരെയുള്ള ആക്രമണങ്ങൾ ഇവിടെ സൂചകം. പ്രകൃതിചൂഷണത്തിനെതിരെ ക്രൈസ്തവർ അടക്കമുള്ള മത സംഘടനകളും ജനാധിപത്യത്തിൽ വിശ്വസിക്കുന്ന രാഷ്ട്രീയ പ്രവർത്തകരും ഉൾപ്പടെയുള്ളവർ സംഘടിതമായി ചെറുത്തുനിൽപ്പ് നടത്തുന്നതിന് ന്യായമോ സാധൂകരണമോ ഇല്ല. പരിസ്ഥിതി വിഷയത്തിൽ കൈസ്തവർക്ക് പലപ്പോഴും ദൈവതാൽപര്യം തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല എന്ന് ക്രൈസ്തവ ചിന്തകൾ തന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്. അമേരിക്കൻ ചരിത്രകാരനായ ലിൻ വൈറ്റ് (Lynn White) ന്റെ കണ്ടെത്തൽ സാധൂകരിക്കുന്നതാണ് കേരള ക്രൈസ്തവ സഭകളുടെ നിലപാട് എന്ന് തോന്നുന്നു. അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു: "Christianity not only established a dualism of man and nature, but also insisted that it was God's will that man exploited nature for his proper ends."

മനുഷ്യന് വേണ്ടിയാണ് ഭൂമി സൃഷ്ടിച്ചത് എന്ന സാമാന്യ പ്രസ്താവന പോലും ചോദ്യം ചെയ്യപ്പെടേണ്ടതാണ് എന്ന സൂചന വേദപുസ്തകത്തിൽ തന്നെയുണ്ട്. ഭൂമിയെയും അതിലെ ജീവജാലങ്ങളെയും സൃഷ്ടിച്ചു കഴിഞ്ഞപ്പോൾ അവയെ പരിപാലിക്കുവാൻ ആരും ഉണ്ടായിരുന്നില്ല. ആ സാഹചര്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചുവെന്നാണ് ഉൽപ്പത്തി പുസ്തകത്തിലെ യാഹ് വിസ്റ്റ് പാരമ്പര്യ പ്രകാരമുള്ള വിവരണത്തിൽ വായിക്കുന്നത്. (ഉൽപ്പത്തി 2: 4 -7 ). അതിൻപ്രകാരം മനുഷ്യന്റെ ആവശ്യത്തെപ്രതി ദൈവം ഭൂമി സൃഷ്ടിച്ചു എന്ന യാഥാസ്ഥിതിക പാരമ്പര്യം തിരുത്തൽ അർഹിക്കുന്നതാണ്. ദൈവം സൃഷ്ടിച്ച പ്രകൃതിയുടെ പരിപാലനത്തിനാണ് മനുഷ്യസൃഷ്ടി നടന്നത് എന്ന് സൂചന . അതായത് പ്രകൃതിക്ക് പ്രാമുഖ്യം നൽക്കുന്ന ഒരു അവതരണമാണ് ഉൽപ്പത്തി പുസ്തകത്തിന്റേത്. ചുരുങ്ങിയത് പ്രകൃതിയോടൊപ്പവും അതിന്റെ ഭാഗവുമായിട്ടാണ് മനുഷ്യസൃഷ്ടി എന്നത് വ്യക്തം. പ്രകൃതിയുടെ കാര്യവിചാരണയാണ് മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യമെങ്കിൽ പ്രകൃതി നശിക്കുന്നതോടെ മനുഷ്യന്റെ നിലനിൽപ്പും പ്രസക്തിയും തന്നെ ചോദ്യം ചെയ്യപ്പെടേണ്ടിവരുന്നു. മനുഷ്യന് പ്രകൃതിയെ കൂടാതെ നിലനിൽപ്പില്ല എന്ന വസ്തുത തന്നെ പ്രപകൃതിയുടെ പ്രാമുഖ്യമാണ് സൂചിപ്പിക്കുന്നത്. മനുഷ്യന്റെ പ്രാഥമിക ബാധ്യത ദൈവസൃ ഷ്ടിയായ ഭൂമിയുടെ കാര്യവിചാരണയാണ് എന്ന വസ്തുത മനസ്സിലാക്കിയാൽ പ്രകൃതിചൂഷണത്തോടുള്ള മനുഷ്യന്റെ മനോഭാവത്തിൽ വ്യത്യാസം വരും.

ഭൂമിയുമായുള്ള മനുഷ്യബന്ധം സൂചിപ്പിക്കുന്നതിന് ഉൽപ്പത്തി ഗ്രന്ഥകാരൻ ഉപയോഗിക്കുന്നത് 'kabas' എന്ന ആധിപത്യ സൂചക പദമല്ല, നേരെ മറിച്ച് 'abad' എന്നാണ്. ആദ്യ പദത്തിന്റെ അർത്ഥം കീഴ്പ്പെടുത്തുക, വിധേയപ്പെടുത്തി ഭരിക്കുക എന്നെല്ലാമാണ് 'ആബാദ്' എന്ന വാക്കിന്റെ അർത്ഥമാകട്ടെ ശുശ്രൂക്ഷിക്കുക, സേവിക്കുക എന്നെല്ലാമാണ്. ഭൂമിയുടെ പരിചരണത്തിനാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്ന് പറയുമ്പോൾ സൃഷ്ടിയുടെ നിലനിൽപ്പും സംരക്ഷണവുമാണ് പ്രധാനം. അതായത് പ്രകൃതിയുടെ ശുശ്രൂഷാനിർവഹണത്തിലാണ് മനുഷ്യന്റെ സാംഗത്യം. അതു തന്നെയാണ് മനുഷ്യന് സ്വത്വബോധം നൽക്കുന്ന ഘടകവും. അതുകൊണ്ട് മനുഷ്യന് നിലനിൽപ്പ് ഉറപ്പാക്കുന്ന ഭൂമിയുടെ

പ്രാധാന്യം അവഗണിച്ചുകൊണ്ട് മനുഷ്യ കേന്ദ്രീകൃത ലോക വീക്ഷണം സൃഷ്ടിക്കുന്നത് ആധികാരിക വേദശാസ്ത്രത്തിനു വിരുദ്ധമാണ്. മാത്രമല്ല അപകടവുമാണ്.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതു തന്നെ കൃഷിഭൂമിയി (arable land) ലെ (adamah) മണ്ണിൽ നിന്നാണ്. അതായത് മനുഷ്യന്റെ ഉൽഭവവും നിലനിൽപ്പും, കൃഷിയും കൃഷിഭൂമിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു സൂചന. തൻമൂലം കൃഷി-പാരിസ്ഥിതിക വിഷയങ്ങളിൽ ഭൂമിയോട് ആശ്രിത-ശുശ്രൂഷാ മനോഭാവവും സമീപനവും പുലർത്തുക എന്നത് മനുഷ്യനെ സംബന്ധിച്ച് വിശ്വാസ വിഷയം തന്നെയാണ്.

സങ്കീർത്തനം 8-ൽ ഭൂമിയുടെ മേലുള്ള മനുഷ്യന്റെ വാഴ്ചയെപ്പറ്റി പറയുന്നു എന്നു വ്യവഹരിക്കപ്പെടുന്ന kuritatis എന്ന പദം കൊള്ളയടിക്കുവാനും ചൂഷണം ചെയ്യുവാനുമുള്ള അനുവാദ സൂചകവാക്കായി വ്യാഖ്യാനിച്ചുകൂടാ. ഇതിന്റെ അർത്ഥം നിയതാധികാരം constitutive authority എന്നതാണ്. ഇത് ആധിപത്യ-ചൂഷണ അവകാശം മനുഷ്യന് നൽകുന്നില്ല. കർത്തൃത്വം അല്ല, പരിപാലനം കർത്തവ്യവുമായി ബന്ധപ്പെട്ട വാക്കാണ്. അതുകൊണ്ട് ഭൂമിയുടെ നിലനിൽപ്പും ഘടനയും പരിസ്ഥിതിയും ലംഘിക്കുന്ന വികസത്തിന് ക്രൈസ്തവ വേദശാസ്ത്രത്തിന്റെ അംഗീകാരമില്ല. അതുകൊണ്ട് അത് വിശ്വാസ വിരുദ്ധവുമാണ്.

പാരിസ്ഥിതിക നിയമങ്ങളുടെ ലംഘനത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടി വരുന്നത് അതു പ്രവർത്തിക്കുന്ന വ്യക്തിയോ സമൂഹമോ അവർ വസിക്കുന്ന പ്രദേശമോ മാത്രമാകണമെന്നില്ല. അതായത് പാരിസ്ഥിതിക പ്രത്യാഘാതങ്ങളിൽ കാവ്യ നീതിയല്ല പ്രതിഫലിക്കുന്നത്. നേരെ മറിച്ച് തെറ്റു ചെയ്യാത്തവരും അന്യ നാട്ടുകാരുമൊക്കെ ഫലം അനുഭവിക്കേണ്ടി വരുന്നു. കാരണം പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ദൂര വ്യാപകവും ആഗോള സ്വഭാവം ഉള്ളവയുമാണ്. കൂടാതെ താരതമ്യേന ചെറിയ ലംഘനങ്ങൾ കൂടിച്ചേർന്നുള്ള സംഘാത (culminative) പരിണിത ഫലങ്ങളും ഉണ്ടാകുവാൻ സാധ്യതയേറെയാണ്. അതായത് നിർദ്ദോഷികൾക്ക് അപകടം വരുത്തിവയ്ക്കുന്ന അധാർമിക-ഹിംസാ പ്രവർത്തനമാണ് ഇവിടെ നടക്കുന്നത്.

മനുഷ്യന്റെ സൃഷ്ടി ദൈവത്തിന്റെ സൃഷ്ടിയുടെ ഒരു ഭാഗമായി മാത്രം കാണുകയും മനുഷ്യന്റെ നിയോഗം പ്രകൃതിയുടെ ശുശ്രൂഷയ്ക്കായി വിലയിരുത്തുകയും ചെയ്താൽ ആഗോളതലത്തിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന പ്രകൃതി-പാരിസ്ഥിതിക വിരുദ്ധ പ്രവർത്തനങ്ങൾ വിശ്വാസ വിരുദ്ധ പ്രതികരണങ്ങളായി കാണുവാൻ സാധിക്കും.

തീർച്ചയായും ദൈവസൃഷ്ടികൾക്കൊക്കെ സ്വയം തിരുത്തലിനും പൊരുത്തപ്പെടലിനും അതിജീവനത്തിനുമുള്ള കഴിവുകൾ ദൈവം നൽകിയിട്ടുണ്ട്. അതുകൊണ്ട് മനുഷ്യൻ എന്ത് അക്രമം ചെയ്താലും പ്രകൃതി അത് സ്വയം പരിഹരിച്ച് നിൽക്കുമത്രേ. രക്തധമനികൾക്ക് തടസ്സം വന്നാൽ സമാന്തരധമനികൾ വികസിച്ച് രക്തയോട്ടം സാധാരണ നിലയിലാക്കും എന്ന പോലെ. എന്നാൽ ഇത് ഒരബദ്ധ ധാരണയാണ്. എപ്പോഴും അത് സംഭവിക്കണമെന്നില്ല. ദുർബല ശരീരഘടലയുള്ളവർക്ക് ഇതിനുള്ള സാധ്യത കുറവാണ്. ശരീരത്തിൽ പ്രവേശിക്കുന്ന വിഷാംശങ്ങളെ നിർവീര്യമാക്കുവാനും രോഗാണുക്കളെ പ്രതിരോധിക്കുവാനും ആരോഗ്യമുള്ള ശരീരത്തിന് കുറേയൊക്കെ സാധിച്ചെന്നിരിക്കും. ആരോഗ്യമുള്ള ജൈവ ആവാസ സംവിധാനം നിലനിൽക്കുന്ന സാഹചര്യത്തിൽ സ്വയം പരിഹാരത്തിന് പ്രകൃതിക്ക് സാധിച്ചെന്നുവരാം. എന്നാൽ ചൂഷണത്തിന് വിധേയമായി ഭൂമി ദുർബലവും രോഗഗ്രസ്തവും ആയിതീർന്നാൽ പ്രകൃതിക്ക് സ്വയം ജീവനശക്തി നഷ്ടപ്പെടും. അതുകൊണ്ട് പ്രകൃതിയെ പരിചരിക്കുവാനും വികസിപ്പിക്കുവാനും മനുഷ്യനു നൽകിയ നിയോഗം മറന്ന് പ്രവർത്തിക്കുന്നതിന് വേദ ശാസ്ത്ര സാധൂകരണമില്ല. ലോകത്തിലെ ഏറ്റവും പാരിസ്ഥിതിക ദുർബലമായ പ്രദേശങ്ങളിലൊന്നാണ് പശ്ചിമഘട്ടം. ഇവിടെ പാരിസ്ഥിതിക സന്തുലനം നഷ്ടപ്പെട്ടാൽ വികസിക്കാൻ ഒന്നും അവശേഷിക്കുകയില്ല. മാത്രമല്ല അതുവഴി അടിസ്ഥാന ദൈവിക നിയോഗത്തിന്റെ നിഷേധവും സൃഷ്ടിയെ സംബന്ധിച്ച് ദൈവതാൽപര്യത്തിന്റെ നിരാകരണവുമാണ് സംഭവിക്കുക.

പ്രകൃതിയിൽ നിന്ന് അന്യമായ നിലനിൽപ്പ് മനുഷ്യനില്ല എന്നും പ്രകൃതിയുടെ പരിപാലനത്തിനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെന്നും ആ ശുശ്രൂഷയിലാണ് മനുഷ്യന്റെ സ്വത്വബോധം രൂപം കൊള്ളേണ്ടത് എന്നും നാം തിരിച്ചറിയുന്നു എങ്കിൽ പശ്ചിമഘട്ടത്തിന്റെ നിലനിൽപ്പും വേദശാസ്ത്ര-വിശ്വാസ വിഷയമായി പരിഗണിക്കേണ്ടി വരും. പ്രകൃതിയുമായി സഹകരിച്ച് വികസനത്തിന് ശ്രമിക്കുമ്പോഴാണ് ആ സംരംഭം സ്ഥിരവും നീതിനിഷ്ടവും ദൈവതാൽപര്യ പ്രകാരമുള്ളതും ആകുന്നത്. അതുകൊണ്ട് ക്രിസ്തീയ വിശ്വാസ പ്രതികരണം ഈ വിഷയത്തിലും സൃഷ്ടിക്കുവാൻ സാധിക്കേണ്ടതുണ്ട്. അവ്യക്തങ്ങളും ജീവിത യാഥാർത്ഥ്യബന്ധങ്ങൾ ഇല്ലാത്തവയുമായ വിശ്വാസ (പഖ്യാപനങ്ങൾക്ക് ഒരു മൂല്യവും വർത്തമാനകാല സമൂഹം നൽകുകയില്ല. മൂർത്തമായ ജീവിത സാഹചര്യങ്ങളിൽ വ്യക്തമായ വിശ്വാസ വേദശാസ്ത്ര പ്രതികരണങ്ങൾ സൃഷ്ടിക്കുവാനുള്ള അന്വേഷണത്തിൽ പശ്ചിമഘട്ടത്തിലെ പാരിസ്ഥിതിക വിഷയങ്ങളും ഉൾക്കൊള്ളിക്കേണ്ടതാണ്. ദൈവദാനമായ പ്രകൃതിയെ പരിപാലിച്ച് ജീവൻ നിലനിർത്തുവാനുള്ള ദൈവ നിയോഗം മനസ്സിലാക്കി പശ്ചിമഘട്ടത്തിന്റെ നിലനിൽപ്പിനെതിരെ ഉയരുന്ന ഭീഷണിയുടെ മദ്ധ്യത്തിൽ നീതിപൂർവമായ വേദശാസ്ത്ര നിലപാടുകളെടുക്കാൻ സഭയ്ക്ക് കഴിയണം.

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്

മെത്രാപ്പോലീത്ത

വേദശാസ്ത്രം

# അജപാലന ദൈവശാസ്ത്രം
## (Pastoral Theology)

ഫാ. അബി ഉലഹന്നാൻ

തെളിവായ രീതിയിൽ വേദപുസ്തകത്തിലെ ഇടയന്റെ പ്രതീകത്തിൽ നിന്നാണ് ഇതിന്റെ ആശയം എടുത്തിട്ടുള്ളതെങ്കിലും കൃത്യമായ രീതിയിൽ നിർവചിക്കുന്നതിന് ബുദ്ധിമുട്ടുള്ള ഒരു വിഷയമാണ് അജപാലന ദൈവശാസ്ത്രം എന്നത്. ദൈവശാസ്ത്രവും ഇടയശുശ്രൂഷയും തമ്മിലുള്ള അന്യോന്യ ബന്ധത്തിന്റെ വിജയമാണ് അജപാലനദൈവശാസ്ത്രം. ഇത് ഇടയശുശ്രൂഷയ്ക്ക് ദൈവശാസ്ത്രപരമായ അടിസ്ഥാനം നൽകുന്നു. ഇത് ഇടയ ശുശ്രൂഷാ സംബന്ധമായ അനുഭവങ്ങളുടെ മേൽ ദൈവശാസ്ത്ര വിചിന്തനത്തിന് പ്രേരണ നൽകുന്നു. അതേ സമയം ഇടയശുശ്രൂഷയുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ദൈവശാസ്ത്രവിചിന്തനത്തിൽ ഏർപ്പെടുകയും ചെയ്യുന്നു.

വളരെ വ്യക്തമായ രീതിയിലുള്ള ഒരു അജപാലന ദൈവശാസ്ത്രം വളരെ വിരളമായ രീതിയിൽ മാത്രമേ വേദപുസ്തകം പ്രദാനം ചെയ്യുന്നുള്ളൂ. യോഹ. 34; അ.പ്ര. 20:13-38, കൊരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനം, ഇടയലേഖനങ്ങൾ ഇവയിൽ അത് നിവർത്തിക്കപ്പെടുന്നു. എന്നാൽ തിരിച്ചറിയാൻ ശ്രമിച്ചാൽ വേദപുസ്തകത്തിൽ ഏറിയ പങ്കും ഒരു വിധത്തിൽ അജപാലന ദൈവശാസ്ത്രം ഉൾക്കൊള്ളുന്നതാണ് എന്നതാണ് സത്യം. അവയുടെ പിന്നിലെ സുവിശേഷപരമായ ലക്ഷ്യങ്ങൾ മാത്രമല്ല, അജപരിപാലന ലക്ഷ്യങ്ങളും ശ്രദ്ധിക്കുകയാണെങ്കിൽ, സുവിശേഷങ്ങൾ പോലും അജപാലന ദൈവശാസ്ത്രത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയ്ക്കാവശ്യമായ സംഭാവനകൾ നൽകുന്നുണ്ട് എന്ന് കാണാം. ആദ്യ നൂറ്റാണ്ടുകളിൽ സഭാശുശ്രൂഷയുടെ സ്വഭാവത്തെ സംബന്ധിച്ച നിരവധി ശ്രദ്ധേയമായ കൃതികൾ രചിക്കപ്പെട്ടിട്ടുണ്ട്. Gregory of Nazianzus ന്റെ Oration 11, John Chrysostom-ത്തിന്റെ On the Priesthood, Gregory the great ന്റെ Pastoral Rule ഇവ പ്രധാന ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

മധ്യകാലഘട്ടത്തിൽ പ്രത്യേക വികാസമൊന്നും സംഭവിച്ചില്ലെങ്കിലും 16-ാം നൂറ്റാണ്ടിലെ Tridentine പരിഷ്കാരങ്ങളും നവീകരണകർത്താക്കളുടെ രചനകളും വന്നതോടെയാണ് ഒരു നവതാല്പര്യം സംജാതമായത്. MartinBucer ആയിരുന്നു നവീകരണ നേതാക്കൾക്കിടയിൽ അജപാലന ദൈവശാസ്ത്രത്തിന്റെ പ്രധാന പ്രയോക്താവ്. പര്യാപ്തമായ വിധത്തിൽ പരിശീലനം സിദ്ധിച്ച സഭാശുശ്രൂഷയുടെ വർദ്ധിച്ചുവന്ന ആവശ്യബോധമാണ് 18-ാം നൂറ്റാണ്ടിന്റെ അവസാന സമയത്ത് ഒരു പ്രത്യേക വിജ്ഞാനശാഖ എന്ന നിലയിൽ ഇന്നത്തെ അർത്ഥത്തിലുള്ള അജപാലന ദൈവശാസ്ത്രത്തിന്റെ ആവിർഭാവത്തിന് കാരണമായി ഭവിച്ചത്. പിന്നാലെ വന്ന നൂറ്റാണ്ടിൽ സഭാശുശ്രൂഷയെക്കുറിച്ച് ക്രമീകൃതവും സമഗ്രവുമായ ഒരു ധാരണ നൽകുന്നതിനുള്ള ശ്രമത്തിന്റെ ഫലമായി സമകാലീന ശാസ്ത്രത്തിൽ നിന്നും തത്വമീമാംസയിൽ നിന്നും ധാരാളം അംശങ്ങൾ ഉൾക്കൊണ്ടിട്ടുള്ള അസംഖ്യം ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു.

20-ാം നൂറ്റാണ്ട് ഈ വിജ്ഞാന ശാഖയുടെ പ്രധാന വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു. വൈദ്യശാസ്ത്രരംഗത്തെ പരിശീലനത്തിലേയ്ക്ക് പട്ടക്കാരെ ആനയിച്ച A.T. Boisen (1876-1966) ന്റെ കൃതിയിലൂടെയാണ് അതാരംഭിച്ചത്. ഇദ്ദേഹത്തിന്റെ ശിഷ്യനായ Seward Hiltner, Preface to Pastoral Theoplogy എന്ന തന്റെ കൃതിയിൽ രോഗസൗഖ്യം, നിലനിൽപ്, നടത്തിപ്പ്, എന്നീ താത്പര്യങ്ങളുടെ ചുറ്റിലുമായി ഈ വിജ്ഞാനശാഖയെ തിരിച്ചറിയാൻ സഹായകരമായി ക്രമീകരിച്ചു. ഇങ്ങനെ ചെയ്യുന്നതിലൂടെ മന:ശാസ്ത്രപരവും സാമൂഹ്യവും സാംസ്ക്കാരികവുമായ ശൂന്യാവസ്ഥയിൽ ആത്മീയ ജീവിതത്തെ കൊണ്ടെത്തിക്കുന്ന പരമ്പരാഗത അജപാലന ദൈവശാസ്ത്രത്തെ തള്ളിക്കളയേണ്ടതിന്റെ അവശ്യകതയെ അദ്ദേഹം ഊന്നിപ്പറയുകയും, സമ്പൂർണ്ണ ആളത്വത്തിൽ അത് ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. അദ്ദേഹം ഈ വിജ്ഞാന ശാഖയുടെ മേൽ മന:ശാസ്ത്രപരമായ ഒരു വ്യാപാര ചിഹ്നത്തിന്റെ മുദ്രകുത്തുകുയും പട്ടത്വപരിശീലനത്തെ മന:ശാസ്ത്രപരിശീലനവുമായി അഭേദ്യമായ വിധത്തിൽ ബന്ധിപ്പിക്കുകയും ചെയ്തു. Hiltner ക്ക് ശേഷം മന:ശാസ്ത്രത്തെയും ദൈവശാസ്ത്രത്തെയും തമ്മിൽ ബന്ധിപ്പിക്കുവാനുള്ള നിരവധിശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. മതത്തിന്റെ ഭാഷയെ മന:ശാസ്ത്രത്തിന്റെ ഭാഷയിലേയ്ക്ക് വിവർത്തനം


### അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ് ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

**ലേഖനം**

# കുറ്റവും ശിക്ഷയും

**സൈമൺ പെരിയാമ്പ്ര**

**ബൈ**ബിൾ കഥാപാത്രങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ വ്യക്തിത്വമാണ് ശാലോമോന് നൽകിയിരിക്കുന്നത്. സമ്പത്തും അധികാരങ്ങളും ബുദ്ധിയും ജ്ഞാനവും കീർത്തിയും വേണ്ടതിലധികം ശാലോമോനുണ്ടായിരുന്നു. ദേവദാരുവും രക്തചന്ദനവും കൊണ്ട് നിർമ്മിച്ച് രത്നങ്ങൾ പതിച്ച് പട്ടുകമ്പളങ്ങൾ കൊണ്ടലംകൃതമായ കൊട്ടാരങ്ങളും ദന്തത്തിൽ തീർത്ത് തങ്കത്തിൽ പൊതിഞ്ഞ സിംഹാസനവും എല്ലാമെല്ലാം ദൈവം ശാലോമോന് കൊടുത്തു. അങ്ങനെ 1 രാജാ. 10:23 ൽ പറയുന്നതുപോലെ സോളമൻ ഭൂമിയിലെ എല്ലാ രാജാക്കൻമാരെക്കാളും സമ്പന്നനും വിജ്ഞാനിയും ആയിരുന്നു. എന്നിട്ടും എന്തേ ദൈവകോപം സോളമന്റെ മേൽ പതിച്ചു?

സോളമന് രണ്ട് പ്രാവശ്യം പ്രത്യക്ഷനായ ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ കൽപനകൾ പാലിക്കുന്നതിൽ അയാൾ ഉപേക്ഷ കാണിച്ചു. തന്റെ ആയിരം ഭാര്യമാരിൽ അന്യജാതിയിൽപ്പെട്ട ഭാര്യമാരെ ഇസ്രായേലിന്റെ ദൈവമായ കർത്താവിനെയല്ലാതെ അന്യദേവൻമാരെ സേവിക്കുന്നതിൽ നിന്ന് വിലക്കിയില്ലെന്നു മാത്രമല്ല അവരുടെ ഇംഗിതത്തിന് വഴങ്ങി മോവാബ്യരുടെ മ്ലേഛവിഗ്രഹമായ കെമോശിനും അമോനിയരുടെ മോലേക്കിനും സീദോന്യരുടെ അസ്തോരത്തിനും പൂജാഗിരികൾ പണികഴിപ്പിച്ച് ധൂപം കാട്ടാനും ബലിയർപ്പിക്കാനും അവരോടൊപ്പം ചേരുകയും ചെയ്തു. കർത്താവിന്റെ കോപം അവന്റെ മേൽ വന്നു. ശിക്ഷാവിധിയുണ്ടായി. അവന്റെ ഭവനത്തിൽ നിന്നും രാജത്വമെടുത്ത് ദാസന് നൽകി. അങ്ങനെ ശാലോമോന് ശേഷം അവന്റെ ദാസനായ യെരോബയാം ഇസ്രായേലിൽ രാജാവായി. ശാലോമോന്റെ പുത്രനായ റെഹാബയാം യഹൂദാഗോത്രത്തിന്റെ മാത്രം രാജാവാകാൻ വിധിക്കപ്പെട്ടു. സത്യ വിശ്വാസത്തിനും ദൈവ കൽപനകൾക്കും വിപരീതമായി പ്രവർത്തിക്കുന്നവരെ ഉപദേശിച്ച് നേർവഴിയിലാക്കാൻ ചുമതലപ്പെട്ടവർ ശ്രമിക്കാതെ കർത്തവ്യത്തിൽ വിമുഖത പുലർത്തിയാൽ അവരുടെ പൂർവ്വകാല പുണ്യങ്ങൾ പോലും കണക്കിടാതെ ശിക്ഷയ്ക്ക് വിധേയരാക്കും എന്നതിന് ശാലോമോന്റെ ചരിത്രം തെളിവാണ്.

കടമകളിൽ വീഴ്ച വരുത്തിയതിന് ശിക്ഷ ഏറ്റുവാങ്ങിയ മറ്റൊരു കഥാപാത്രമാണ് ശമുവേൽ പുസ്തകത്തിലെ ഏലി എന്ന പുരോഹിതൻ. അദ്ദേഹം യഹോവയുടെ ആലയത്തിലെ ശുശ്രൂഷകനും തികഞ്ഞ

---

ചെയ്യുക എന്നതിലുപരി മന:ശാസ്ത്രത്തിന്റെ ദൈവശാസ്ത്രപരമായ ധാരണകളെയും അർത്ഥതലങ്ങളെയും പ്രദർശിപ്പിക്കുക എന്നുള്ളതായിരുന്നു അവയുടെ ലക്ഷ്യം.

തുടർന്നു വന്ന സംഭവ വികാസങ്ങൾ പലകാരണങ്ങളാൽ, ഈ സമീപനത്തിൽ നിന്ന് അകന്ന് പോകുന്ന തരത്തിലുള്ളവയായിരുന്നു. ഒന്നാമത്, അജപാലന ദൈവശാസ്ത്രത്തിന്റെ മന:ശാസ്ത്രപരമായ തടവറയിൽ നിന്നും അത് വിമോചിക്കപ്പെടേണ്ടതുണ്ടായിരുന്നു. മനുഷ്യന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ അവസ്ഥയ്ക്ക് തുല്യപ്രാധാന്യമാണ് ഇന്ന് നൽകപ്പെടുന്നത്. സമീപകാലത്തെ വിമോചന ദൈവശാസ്ത്രങ്ങളെ അജപാലന ദൈവശാസ്ത്രത്തിന്റെ അത്യാധുനികമായ ആവിഷ്കാരമായിട്ടാണ് അനേകർ വീക്ഷിക്കുന്നത്. കാരണം സാമൂഹ്യവും സാമ്പത്തികവുമായി അടിച്ചമർത്തപ്പെട്ടവർക്ക് അവബോധവും ദിശാബോധവും നൽകാനാണ് അത് ഉദ്യമിക്കുന്നത്. രണ്ടാമതായി, മന:ശാസ്ത്രത്തിന്റെ ഒരു അനുബന്ധമെന്നതിലുപരി, അതിന്റെ നിലയിൽ തന്നെ വിശ്വസനീയമായ ഒരു വൈജ്ഞാനികശാഖയായി അജപാലനശുശ്രൂഷയെ പ്രതിഷ്ഠിക്കാനുള്ള താത്പര്യം ശക്തമായ രീതിയിൽ സംജാതമായി. മൂന്നാമതായും ഏറ്റവും പ്രധാനമായും അജപാലന ദൈവശാസ്ത്രത്തിന് ധാർമ്മികവും ദൈവശാസ്ത്രപരവുമായ അടിത്തറകൾ ഉണ്ടാകേണ്ടതിന്റെ ആവശ്യം വീണ്ടും ഉറപ്പിച്ചു പ്രഖ്യാപിക്കപ്പെട്ടു.

അജപാലന ദൈവശാസ്ത്രത്തിന്റെ സമീപകാല വക്താവാണ് Edward Thurneysen (1888-1974) അദ്ദേഹം തന്റെ A Theology of Pastoral Care- എന്ന കൃതിയിൽ ദൈവീക ക്ഷമയെന്ന മനുഷ്യാവശ്യത്തെ വിദഗ്ധമായും വേദപുസ്തകാനുസരണമായും പ്രതിപാദിക്കുകയും, മന:ശാസ്ത്ര സമീപനത്തിന് വിപരീതമായി സവിശേഷരീതിയിലുള്ള അജപാലന സമീപനം ഈ ആവശ്യത്തോട് എങ്ങനെ സ്വീകരിക്കണമെന്ന് വിശദീകരിക്കുകയും ചെയ്യുന്നു. ആ ഒരു വിഷയത്തിൽ മാത്രം പരിമിതപ്പെട്ടിരിക്കുന്നു എന്നതിൽ അതിന്റെ ബലഹീനത നിറഞ്ഞുനിൽക്കുന്നു. അജപാലന ദൈവശാസ്ത്രത്തിന് വിശാലമായ താത്പര്യങ്ങളാണ് അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ടത് എന്ന തിരിച്ചറിവ് കാലിക സമൂഹത്തിന് ഉണ്ടായിരിക്കണം. സമീപകാല സാഹിത്യത്തിന്റെ വിശാലത സൂചിപ്പിക്കുന്നത് അജപാലന ദൈവശാസ്ത്രത്തിന്റെ ഭാവി വാഗ്ദാനങ്ങൾ അത് പേറി നിൽക്കുന്നു എന്നാണ്.

●

ഭക്തനും ആയിരുന്നു. ശമുവേൽ പ്രവാചകനെ ബാല്യം മുതൽ ദൈവ ശിക്ഷണത്തിൽ പരിപാലിച്ചു വളർ ത്തിയത് ഏലി ആയിരുന്നു. എന്നാൽ യഹോവയ്ക്ക് പുരോഹിതന്മാരായി രുന്ന സ്വന്ത പുത്രൻമാർ ഹോഫ്നി യുടെയും ഫിനെഹാസിന്റേയും കാ ര്യത്തിൽ ഏലി വേണ്ടത്ര ശ്രദ്ധ കാണിച്ചില്ല. അവർ നീചരും യഹോവ യെ ഓർക്കാത്തവരുമായി ജീവിച്ചു. യഹോവയുടെ ആലയത്തിൽ യാഗം അർപ്പിക്കാൻ എത്തുന്നവരിൽ നിന്നും അർപ്പണത്തിന് മുൻപ് തന്നെ യാഗ ത്തിനുള്ള മാംസം അവർ ബലമായി എടുത്തുകൊണ്ട് പോകുമായിരുന്നു. സമാഗമന കൂടാരത്തിന്റെ വാതിൽ ക്കൽ സേവചെയ്യുന്ന സ്ത്രീകളോടു കൂടി ശയിക്കുന്നതും അവർ പതി വാക്കിയിരുന്നു.

യഹോവയുടെ കോപം ഏലിയു ടെ മേൽ പതിച്ചു. ഏലിയ്ക്കുള്ള കുറ്റവും ശിക്ഷാവിധിയും കർത്താവ് ശമുവേലിനെ അറിയിച്ചു. അവന്റെ പുത്രൻമാരുടെ അകൃത്യവും ദൈവ ദൂഷണവും അവൻ അറിഞ്ഞിട്ടും അവരെ ശാസിച്ചമർത്തായ്കകൊണ്ട് ഞാൻ അവന്റെ ഭവനത്തിനെതിരെ എന്നേയ്ക്കും ശിക്ഷ വിധിയ്ക്കും (1ശമു 3:13) ശമുവേലിൽ നിന്ന് കർത്താവിന്റെ അരുളപ്പാട് മനസ്സിലാ ക്കിയ ഏലി വളരെ ദു:ഖിച്ചു. ഫെലി സ്ത്യരുമായുള്ള യുദ്ധത്തിൽ തന്റെ രണ്ടു മക്കളും കൊല്ലപ്പെട്ടു എന്നും കർത്താവിന്റെ പെട്ടകം ശത്രുസൈ ന്യം കൊണ്ടുപോയെന്നും അറിഞ്ഞ ഏലി തന്റെ ഇരിപ്പിടത്തിൽ നിന്ന് പിറകോട്ട് മറിഞ്ഞുവീണ് കഴുത്ത് ഒടിഞ്ഞു മരിച്ചു. മക്കളുടെ ദുർവൃ ത്തികൾ കണ്ടിട്ടും നിഷ്ക്രിയരായിരി ക്കുന്ന മാതാപിതാക്കൾക്ക് ഏലിയു ടെ ദുരന്ത കഥ ഒരു പാഠമായിരിക്കട്ടെ.

അമേരിക്കൻ എഴുത്തുകാരൻ ഒ. ഹെൻറിയുടെ ചെറുകഥ റ്റി.ജെ. ജോഷ്വാ അച്ചൻ 'ചിന്താവിഷയ' ത്തിൽ എഴുതിയത് ഓർമ്മവരുന്നു. വളരെ ചെറുപ്പത്തിലെ അമ്മയെ നഷ്ടമായ ബാലികയ്ക്ക് ആകെ യുള്ള ബന്ധു അവളുടെ അച്ഛനായി രുന്നു. അച്ഛന് അവളെ താലോലി ക്കാനോ കൂടെ കളിക്കാനോ സമയം കിട്ടാറില്ല. ജോലി കഴിഞ്ഞ് വരുന്ന അച്ഛനെ കാത്ത് അവൾ ഇരിക്കും. മടിയിൽ കയറിയിരുന്ന് അന്നത്തെ വിശേഷ ങ്ങൾ പറയാനും കഥകൾ കേൾക്കാ നും മകൾ കൊതിച്ചു. അത് മനസ്സി ലാക്കാനോ ഉൾക്കൊള്ളു വാനോ അയാൾക്ക് കഴിഞ്ഞില്ല. മുരടിച്ച മോഹങ്ങളും മരവിച്ച മനസ്സു മായി ബാല്യവും കൗമാരവും കടന്ന്, പി ന്നിട്ട നാളുകളിൽ തനിക്ക് കിട്ടാത്ത സ്നേഹവും പരിഗണനയും അവൾ കോളനിയിലെ കൂട്ടുകാരിൽ കണ്ടെ ത്തി. അവരുമായുള്ള കൂട്ടുകെട്ട് അവളെ വഴിപിഴപ്പിച്ചു. മദ്യത്തിനും മയക്കുമരുന്നിനും അവൾ അടിമയാ യി. പണം കണ്ടെത്താൻ വ്യഭിചാര വൃത്തിക്കും അവൾ തയ്യാറായി. അവസാനം അത് അവളെ ഒരു രോഗി യാക്കി. മരണം അവളെ കീഴടക്കി.

ന്യായാസനത്തിന്റെ മുൻപിൽ വന്ന അവളുടെ പാപ ജീവിതത്തിന്റെ നാൾവഴി പത്രോസ് യേശുവിനെ വായിച്ചു കേൾപ്പിച്ചിട്ട് പറഞ്ഞു, "നരക വാസത്തിനല്ലാതെ ഒരു കനിവിനും ഇവൾ യോഗ്യയല്ല" യേശു പത്രോ സിനോട് പറഞ്ഞു. തെറ്റു ചെയ്തത് ഇവളല്ല. ചുമതലപ്പെട്ടവൻ വേണ്ട സമയത്ത് അൽപ്പം സ്നേഹത്തോടെ ഇവളെ ലാളിച്ചിരുന്നെങ്കിൽ, നേർവഴി ഉപദേശിച്ചിരുന്നെങ്കിൽ, ശാസിച്ച് രക്ഷിച്ചിരുന്നെങ്കിൽ മാലാഖയെപ്പോ ലെ ഇവൾ ഇവിടെ നിൽക്കുമായി രുന്നു. അതുകൊണ്ട് ഇവൾ സ്വർഗ്ഗ ത്തിൽ വസിക്കട്ടെ. ഇവളുടെ പിതാ വ് വരുമ്പോൾ അയാളെ ഞാൻ നരക ശിക്ഷയ്ക്ക് വിധിയ്ക്കും.

Sin of commission and sin of omission-ചെയ്യരുതാത്തത് ചെയ്യു ന്നതും, കടമകൾ നിർവഹിക്കാ തിരി ക്കുന്നതും കുറ്റകരമാണ്. യെസ ക്കിയേൽ 3:18–20 ൽ ഇങ്ങനെ പറയു ന്നു "നീ ദുഷ്ടനെ ജീവനോടെ രക്ഷിക്കേണ്ടതിന് അവന്റെ ദുർമാ ർഗ്ഗം വിടുവാൻ ഉപദേശിക്കാതിരു ന്നാൽ അവൻ തന്റെ അകൃത്യത്തിൽ മരിക്കും. അവന്റെ രക്തത്തിന് ഞാൻ നിന്നോട് പകരം ചോദിക്കും. നീതി മാനായിരുന്നവൻ നീതികേടു പ്രവർ ത്തിച്ചിട്ടും നീ അവനെ തിരുത്താതി രുന്നാൽ അവൻ തന്റെ പാപത്തിൽ മരിക്കും. അവന്റെ രക്തത്തിന് ഞാൻ നിന്നോട് പകരം ചോദിക്കും."

മക്കളെ സ്നേഹിക്കുന്നവൻ പലപ്പോഴും അവരെ പ്രഹരിക്കും. മക്കളുടെ നാണംകെട്ട പ്രവൃത്തിക ളാൽ ദു:ഖിക്കാൻ ഇടവരാതിരിക്കേ ണ്ടതിന് അവർക്ക് അച്ചടക്കം നൽ കുക (പ്രഭാ.30:1–13), ശിക്ഷണാർത്ഥ മുള്ള ശാസന ജീവന്റെ മാർഗ്ഗമാണ്. കല്പന വിളക്കും പ്രബോധനം വെളി ച്ചവുമാണ്. (സുഭാ 6:23)

നമ്മുടെ സ്വാധീനത്താൽ ഉറ്റ വർ, ഭാര്യ, ഭർത്താവ്, മക്കൾ, സഹോ ദരങ്ങൾ, പരിചാരകർ, അയൽ ക്കാർ, ആരുതന്നെയാകട്ടെ, അവരുടെ മാർ ഗ്ഗം ശരിയല്ലന്ന് കണ്ടാൽ പ്രബോ ധനത്തിലൂടെ വെളിച്ചം പകരാൻ നാം കടമയുള്ളവരാണ്. അതു തന്നെ യാണ് യഥാർത്ഥ സുവിശേഷവേല.

## തിരുത്ത്

കഴിഞ്ഞലക്കം ബുള്ളറ്റിനിൽ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത എഴുതിയ വേദപുസ്തക പഠനത്തിൽ പ്രസ്താവ പാഠഭാഗം ഒരു സുവിശേഷത്തിൽ മാത്രം കാണുന്നു എന്നു ചേർത്തി രുന്നത് തെറ്റാണ്. വി. മർക്കോസ് 15:21 ൽ മാത്രമല്ല, ലൂക്കോ. 23:26, മത്തായി 27:32 എന്നിവയിലും ഇതിന്റെ പരാമർശമുണ്ട്. വസ്തുതാപ രമായ ഈ പിശക് സംഭവിച്ചതിൽ ഖേദിക്കുന്നു.

മാനേ. എഡിറ്റർ

*ഗീതപഠനം*

# 'യജമാനൻ വരു....'

**വി. പി.**

**സാഹിത്യം:** 'യജമാനൻ വരുമന്നേര-ത്തുണർവ്വുള്ളോരായി
മുന്തിരിതൻ തോപ്പിൽ പണിയായ്-കാണ്മാരോ ധന്യരാം.
പകലെല്ലാം തൻ-കൂടെ പണിതോർ
ക്കവനര കെട്ടി പരികർമ്മിച്ചീടും
താതനിരുത്തും മേശയ്ക്കായ്-പരികർമ്മിക്കും സുതൻ
റൂഹ്ക്കുദിശാ പാറക്കലീത്താ-മുടയുന്നോരോമുടി,
ഹാലേലുയ്യാ! ചൂടും മകുടത്തിൽ'

**വാക്കർത്ഥം:**

| | | |
|---|---|---|
| വരുമന്നേരം | : | വരുന്നസമയത്ത് |
| ഉണർവ്വ് | : | ഉത്സാഹം |
| ഉണർവ്വുള്ളോരായി | : | ഉത്സാഹമുള്ളവരായി |
| കാണ്മാരോ | : | കാണ്മതാരോ (കാണപ്പെടുന്നവരാരാണോ അവർ) |
| ധന്യരാം | : | അനുഗൃഹീതരാണ് |
| അരകെട്ടി | : | ആദരപൂർവ്വം |
| പരികർമ്മിക്കും | : | ശുശ്രൂഷിക്കും |
| താതൻ | : | പിതാവ് (പിതാവാം ദൈവം) |
| മേശയ്ക്കായ് | : | വിരുന്നിന് |
| സുതൻ | : | പുത്രൻ (പുത്രൻ തമ്പുരാൻ) |
| റൂഹ്ക്കുദിശാ | : | പരിശുദ്ധാത്മാവ് |
| പാറക്കലീത്താ | : | ആശ്വാസദായകൻ |
| മുടയുന്നു | : | നിർമ്മിക്കുന്നു |
| മുടി | : | കിരീടം |
| മുടയുന്നോരോ മുടി | : | കിരീടം ഓരോന്നായി നിർമ്മിക്കുന്നു |
| ചൂടും | : | അണിയിക്കും |
| മകുടത്തിൽ | : | ശിരസിൽ |

**കൂട്ടർത്ഥം :** യജമാനൻ വരുന്ന സമയത്ത് മുന്തിരിത്തോട്ടത്തിൽ ഉത്സാഹ പൂർവ്വം പണിയെടുക്കുന്നവരായി കാണപ്പെടുന്നവർ ഭാഗ്യവാന്മാരാണ്. പകലാകെ തനിക്കൊപ്പം പണിയെടുത്ത അവരെ അവൻ ആദരപൂർവ്വം ശുശ്രൂഷിക്കും. പിതാവാം ദൈവം അവരെ ക്ഷണിച്ച് വിരുന്നിനിരുത്തും. പുത്രൻ തമ്പുരാൻ അവർക്കു സേവ ചെയ്യും. ആശ്വാസദായകനായ പരിശുദ്ധാത്മാവ് അവർക്ക് കിരീടങ്ങൾ നിർമ്മിച്ച് ഓരോന്നായി അവരുടെ ശിരസിൽ അണിയിക്കും.

**ആശയവിപുലനം:** ഇവിടെ യജമാനൻ ദൈവവും വേലക്കാർ ദൈവരാജ്യത്തിനു വേണ്ടി പണിയെടുക്കുന്ന ജനവും എന്നാണ് വിവക്ഷ. ദയാലുവും നീതിമാനുമായ ഒരു യജമാനൻ അധ്വാനികളും വിശ്വസ്തരുമായ തന്റെ വേലക്കാരോടു പെരുമാറുന്ന രീതി വിശദമാക്കുന്ന ചിത്രമാണ് ഈ ഗീതത്തിൽ തെളിഞ്ഞുകാണുന്നത്. മുന്തിരിത്തോട്ടത്തിൽ പണിയെടുക്കാൻ നിയോഗിക്കപ്പെട്ട പണിക്കാർ യജമാനൻ വരുന്ന അവസരത്തിൽ ഉത്സാഹപൂർവ്വം പണിയെടുക്കുന്നതായി കാണപ്പെട്ടാൽ അദ്ദേഹത്തിന് എത്ര സന്തോഷമായിരിക്കും അവരോടു തോന്നുക! നീതിമാനായ അദ്ദേഹം അതിനൊത്ത വണ്ണം അവരോടു പെരുമാറുമെന്നു തീർച്ച്. അദ്ദേഹം മാറിനിന്ന് മേൽനോട്ടം വഹിക്കാതെ, അവർക്കൊപ്പം പണിക്കിറങ്ങുന്നു. പകലന്തിയോളം അവരുടെ കൂടെ പണിയെടുക്കുന്ന അദ്ദേഹം ഒടുവിലവർക്ക് ശുശ്രൂഷ ചെയ്യുന്നു. ശുശ്രൂഷ വിവരിക്കുമ്പോൾ യജമാനൻ ആരാണെന്ന് വ്യക്തമാക്കുന്നു. പിതൃപുത്രപരിശുദ്ധാത്മാകുന്ന ദൈവമാണ് ആ യജമാനൻ. പിതാവ് ആ വേലക്കാരെ ക്ഷണിച്ച് വിരുന്നിരുത്തുന്നു. പുത്രൻ വിളമ്പിക്കൊടുത്ത് പരിചരിക്കുന്നു. ആശ്വാസദായകനായ പരിശുദ്ധാത്മാവ് കിരീടങ്ങൾ നിർമ്മിച്ച് ഓരോന്നായി അവരുടെ ശിരസുകളിൽ അണിയിക്കുന്നു. സ്രഷ്ടാവ് സൃഷ്ടിക്ക് സേവചെയ്യുന്ന സന്തോഷകരമായ അനുഭവം. ഇതാണ് ദൈവരാജ്യസ്ഥാപനത്തിനായി ഉണർവ്വോടെ പണിയെടുക്കുന്നവർക്ക് ലഭിക്കുന്ന സൗഭാഗ്യം.

ഒരു മാതൃകാപരമായ തൊഴിലാളി-മുതലാളി ബന്ധത്തിന്റെ ചേതോഹരമായ വർണ്ണനയാണ് ഈ കാല്പനിക ശില്പത്തിലുള്ളത്. ഇവിടെ യജമാനനെയും പണിക്കാരനെയും അവതരിപ്പിക്കുന്നതുവഴി ദൈവത്തിന്റെയും ദൈവരാജ്യത്തിനുവേണ്ടി പണിയെടുക്കുന്നവരുടേയും, അവർ തമ്മിലുള്ള ഹൃദയ ഹാരിയായ ഇടപെടലിന്റെയും ദൃശ്യം പ്രതിബിംബിക്കപ്പെടുന്നു. നൂറ്റാണ്ടുകൾക്കു മുമ്പ് രചിക്കപ്പെട്ട ഈ ഭാവനാ ചിത്രം നീതിപൂർവ്വകവും നിത്യ നൂതനവും അനുകരണീയവുമായ ഒരു മുതലാളി -തൊഴിലാളി ബന്ധത്തിന്റെ ലോകോത്തമ മാതൃക നമുക്കു നൽകുന്നു. ഒപ്പം തന്നെ സ്വർഗ്ഗരാജ്യമെന്ന സ്വപ്ന ലോകത്തിന്റെ മനം കവരുന്ന വാഗ്ദാനവും

പട്ടക്കാരുടെ ഞായറാഴ്ചയിലെ വി. ഏവൻഗേലിയോൻ വായനയെ തുടർന്ന് ഈ ഗാനം ആലപിക്കപ്പെടണമെന്ന് സഭ നിർദ്ദേശിക്കുന്നു. യുഗാന്ത്യ ന്യായവിധിയിൽ ദൈവം സ്നേഹപൂർവ്വം പരിചരിച്ച്, കിരീടമണിയിച്ച് ആദരിക്കുന്ന അനുഭവം ഒരു വൈദികനെ സംബന്ധിച്ചിടത്തോളം ഏറ്റവും നിർവൃതിദായകമായിരിക്കും. വി. ബലിയുടെ സമയത്ത് ഈ ഗീതം ആലപിച്ച് ദൈവരാജ്യസ്ഥാപനത്തിനു വേണ്ടി പണിചെയ്യുന്നവർക്ക് കൈവരാൻ പോകുന്ന സൗഭാഗ്യം അനുസ്മരിക്കുന്നത് ഉചിതവും യുക്തിഭദ്രവുമാണ്.

*തിരുവചനധ്യാനം*

# മനുഷ്യന്റെ സുഖം ദൈവത്തിന് ആനന്ദം

(മത്തായി 8:5-13)

**ഫാ. ഗീവർഗീസ് കുന്നംകുളം**

ഞെട്ടിക്കുന്ന ഒരു പത്രവാർത്തയാണ് ഓർമ്മവരുന്നത്. 1997 ജൂലൈ മാസത്തിൽ പ്രഗത്ഭനായ ഒരു ഡോക്ടറുടെ ഭാര്യ ഡോ. സൗന്ദര്യറാണി ആത്മഹത്യ ചെയ്തു. വാർത്ത വായിച്ച് പലരും മൂക്കത്ത് വിരൽ വെച്ചു. മരണകാരണം പോലീസ് ഊർജ്ജിതമായി അന്വേഷിച്ചു. അവസാനം അവരത് തിരിച്ചറിഞ്ഞു. അവൾക്ക് കഠിനമായ തലവേദനയായിരുന്നു. വൈദ്യശാസ്ത്രം പരാജയപ്പെട്ട നിലയ്ക്ക് അവൾ ആ മാർഗ്ഗം തിരഞ്ഞെടുത്തു.

ഇത് അവളുടെ മാത്രം ഒരു പ്രശ്നമല്ല. ആനുകാലിക മനുഷ്യന്റെ പ്രശ്നമാണ്. കുടുംബാംഗങ്ങളോ ഉറ്റവരോ ഉടയവരോ ഇത്തരം പ്രതിസന്ധിയുടെ പിടിയിലാകാം. നാമും ഭീകരരോഗങ്ങളുടെ അടിമകളാണ്. ശാരീരരോഗങ്ങളേക്കാൾ ഗൗരവമാണ് മാനസികവും ആത്മീയവുമായവ. ഇവയ്ക്കൊക്കെ എന്താണ് പ്രതിവിധി? വിദ്യാഭ്യാസവും സാമ്പത്തിക ഭദ്രതയും ഉണ്ടായിട്ടും സൗന്ദര്യറാണിയെപ്പോലുള്ളവർക്ക് ഇത്തരം ജീവിതപ്രശ്നങ്ങളെ അതിജീവിക്കാനായില്ല. ഇത്തരം പ്രശ്നങ്ങളെ പൂർണ്ണമായി ഇല്ലാതാക്കുവാൻ സാധിക്കുമോ? ആവില്ലെന്നതാണ് സത്യം. നേരിടുക എന്നതാണ് പോംവഴി. എങ്ങനെ നേരിടാമെന്ന് ആരെങ്കിലും പറഞ്ഞുതന്നിരുന്നെങ്കിൽ എന്ന് നാം ആഗ്രഹിക്കും. എളുപ്പമാർഗ്ഗങ്ങളും ഒറ്റമൂലിയും ഉള്ളതായി കാണുന്നില്ല. ഒറ്റമൂലികളുടെ പേരിൽ വ്യാജ ഉപദേശകർ സമീപിക്കുമ്പോൾ താഴെക്കാണുന്ന വേദഭാഗം ധ്യാനമായി ഉപയോഗിച്ച് പ്രശ്നങ്ങളിൽ നിന്ന് മോചിതരാവുക.

യേശുവിന്റെ കാലത്ത് ഒരു സൈനിക ഉദ്യോഗസ്ഥൻ തന്റെ സേവകന്റെ രോഗം കണ്ട് വിഷമിക്കുന്നു. നൂറ് പടയാളികളുടെ തലവനായതുകൊണ്ട് ശതാധിപൻ എന്നാണയാൾ അറിയപ്പെടുക. തന്റെ ഭൃത്യന്റെ കലശലായ രോഗത്തിന് മരുന്നും ചികിത്സകളും ഫലിക്കാതെ വന്നപ്പോൾ യേശുവിനെക്കുറിച്ചുള്ള കേൾവി അദ്ദേഹത്തിൽ പ്രതീക്ഷ ഉണർത്തി. വിജാതീയനാണെങ്കിലും യഹൂദന്മാരുടെ ഇടയിലെ താമസം യേശുവിനെക്കുറിച്ച് കേൾക്കുവാനിടയാക്കി. ആധുനിക കാലത്തെ ചില മന്ത്രവാദികളെപ്പോലെയുള്ള അത്ഭുത സിദ്ധിയുടെ ഉറവിടമല്ല യേശു എന്നയാൾ തിരിച്ചറിഞ്ഞു. വരുവാനിരിക്കുന്ന രക്ഷകൻ തന്നെയാണ് ക്രിസ്തു എന്ന തിരിച്ചറിവാണ് യേശുവിങ്കലേക്ക് അദ്ദേഹത്തെ ആകർഷിച്ചത്.

1) തനിക്കോ ബന്ധുമിത്രാദികൾക്കോ അല്ലാതെ വെറും വേലക്കാരന് വേണ്ടി പ്രാർത്ഥിക്കുന്ന ഉദാത്ത മാതൃക.

ക്രൂശിൽ കിടന്ന് പ്രാർത്ഥിച്ച കർത്താവിനെ ഓർക്കുക. തന്റെ മിത്രങ്ങളോ ചാർച്ചക്കാരോ ആരുമല്ലാത്ത സമൂഹത്തിനുവേണ്ടി പ്രാർത്ഥിച്ചില്ലേ.? 'പിതാവേ' 'ഇവർ ചെയ്യുന്നത് എന്താണെന്ന് അറിയാത്തതിനാൽ ഇവരോട് ക്ഷമിക്കേണമേ.' ഈയൊരു മാതൃകയിലായിരുന്നു ശതാധിപന്റെ പ്രാർത്ഥന. യോനായോട് നിനുവയിൽ പോയി അനുതാപത്തെക്കുറിച്ച് പ്രസംഗിക്കുവാൻ ദൈവം ആവശ്യപ്പെട്ടു. നിനുവയിൽ പോകാതെ തർസീനിലേക്ക് യോന കപ്പൽ കൂലി കൊടുത്ത് യാത്ര ചെയതതിനെക്കുറിച്ച് പല വേദശാസ്ത്രജ്ഞന്മാരും പല കാരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ ലേഖകന്റെ ബലഹീനചിന്ത ഇപ്രകാരമാണ്. നിനുവയിൽ തന്റെ ബന്ധുമിത്രാദികൾ മാത്രമല്ല പരിചയക്കാർ പോലുമില്ല. പിന്നെ അവിടം നശിച്ചാലും നശിച്ചില്ലെങ്കിലും തനിക്ക് ഒന്നുമില്ല.

നല്ല ശമര്യാക്കാരന്റെ ഉപമയിൽ ആ വഴിയാത്രക്കാരൻ തന്റെ ആരുമല്ല. വഴിയമ്പലത്തിൽ കൊടുത്ത പണം തിരിച്ചുകിട്ടുമെന്ന് പ്രതീക്ഷയില്ല. മുറിവേറ്റയാൾ അബോധാവസ്ഥയിലാണ്. അതുകൊണ്ട് ഇനി കാണുമ്പോൾ ഒരു പുഞ്ചിരിപോലും ലഭിക്കുകയില്ല. മാത്രമല്ല, ഇദ്ദേഹത്തെ ആക്രമിച്ച തസ്കരന്മാർ സ്ഥലത്ത് മറ്റുള്ളവരെയും കൊള്ള ചെയ്യുവാൻ കാത്തിരിപ്പുണ്ടോ എന്ന് അറിഞ്ഞുകൂടാ. എന്നിട്ടും ശമര്യാക്കാരന്റെ മാതൃക ശാതാധിപന്റേതിനെക്കാളും ഉയർന്നതാണെന്ന് ഓർക്കുക. ഒരു സംഭവ കഥ ഓർത്തുപോകുന്നു. ഹൃദ്രോഗിയായ ഒരു മനുഷ്യൻ ചെയ്യാവുന്നിടത്തോളം ചികിത്സകൾ ചെയ്തു. ഫലമില്ല. മരണം ദൂരെയല്ലെന്ന തിരിച്ചറിവിൽ ജീവിക്കുന്ന അദ്ദേഹം പട്ടണത്തിൽ വലിയ സുവിശേഷയോഗം നടക്കുവാൻ പോകുന്നതറിഞ്ഞു. പ്രധാന പ്രസംഗകൻ ഡോ. ബില്ലി ഗ്രഹാമിനെപ്പോലെ പ്രഗത്ഭനായ കാർഡിയോളജി സ്പെഷ്യലിസ്റ്റ് ഡോ. ചാൾസ്. ഏതായാലും നമ്മുടെ രോഗി പ്രസംഗകനെ കാണുവാൻ തീരുമാനിച്ചു. സംഘാടകരിൽ നിന്ന് അപ്പോയിന്റ്മെന്റ് വാങ്ങി അദ്ദേഹത്തിന്റെ സ്വകാര്യമുറിയിൽ എത്തി. നീണ്ട ഒരു മണിക്കൂർ സംഭാഷണത്തിനുശേഷം അദ്ദേഹം ഒരു മരുന്ന് കുറിച്ചുകൊടുത്തു 'മർക്കോസ് 12:30, 31'. അദ്ദേഹം ഈ കുറിപ്പുമായി ഒരു മെഡിക്കൽ ഷോപ്പിൽ പോയി. അവർ പറഞ്ഞു. "ഈ മരുന്ന് ഇവിടെയില്ല"

വേറെ മെഡിക്കൽ ഷോപ്പിലും ഇതേ മറുപടി. നല്ലവനായ ഒരു മെഡിക്കൽഷോപ്പ് ഉടമ ഒരു ബുക്ക്സ്റ്റാൾ കാണിച്ചുകൊടുത്തു. അവർ ഒരു ബൈബിൾ എടുത്തു കൊടുത്തിട്ട് പറഞ്ഞു. "ഇതിൽ എഴുതിയ മരുന്ന് ഇതിലുണ്ട്. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കണം. കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കണം എന്നത്രേ." ആ ഭാഗം അവൻ വായിച്ചു. കൂട്ടുകാരനെയും അന്യനെയും തന്നെപ്പോലെ സ്നേഹിക്കുകയും മനസ്സിലെ കറകൾ മാറ്റി സ്നേഹം വർപ്പിദ്ധിക്കുകയും ചെയ്ത തോടുകൂടി അവൻ സാവകാശം രോഗവിമുക്തനായി. വിശ്വസിക്കാമോ?

**ധ്യാനം :** ഇതെല്ലാം നമ്മുടെ ചിത്രമാണെന്ന് ഓർക്കുക. തന്റെ ഭൃത്യനോട് ശതാധിപൻ സഹോദരതുല്യമായ സ്നേഹവും അനുകമ്പയും കരുതലും കാട്ടി. ഭൃത്യന്മാരെ കേവലം പ്രയോജനമുള്ള ജീവികളായി കണ്ടിരുന്ന വ്യവസ്ഥയിൽ ശതാധിപന്റെ സമീപനം ആദരണീയമാണ്. മനുഷ്യരോടുള്ള ബന്ധത്തിന്റെ കാര്യത്തിൽ ശതാധിപൻ ക്രൈസ്തവരേയും ലജ്ജിപ്പിക്കുന്നില്ലേ?

**2) യേശുവിലുള്ള വിശ്വാസവും സുദൃഢമായ ബോധ്യവും**

ശതാധിപന്റെ വ്യക്തിത്വവും വിശ്വാസത്തിന്റെ ദൃഢതയും ഈ വേദഭാഗത്ത് തെളിഞ്ഞുകാണാം. പുറജാതിക്കാരനാണെങ്കിലും യഹൂദരോടും അവരുടെ ആചാരങ്ങളോടും ആദരവ് കാട്ടിയിരുന്നു. യഹൂദന്മാർക്ക് ഒരു സിനഗോഗ് പണിയിച്ചു കൊടുത്തതായി വി. ലൂക്കോസ് പറയുന്നത് ശ്രദ്ധിക്കുക. 'നീ അത് ചെയ്തുകൊടുപ്പാൻ അവൻ യോഗ്യൻ. അവൻ നമ്മുടെ ജനത്തെ സ്നേഹിക്കുന്നു. ഞങ്ങൾക്ക് ഒരു പള്ളിയും തീർപ്പിച്ചു തന്നിരിക്കുന്നു എന്ന് പറഞ്ഞു.' (ലൂക്കോ. 7:4, 5). ശതാധിപന്റെ വിശ്വാസം മനസ്സിലാക്കിയ യേശുവിന് പ്രവർത്തിക്കാതിരിപ്പാൻ വയ്യ. ശതാധിപനെ യേശുവിങ്കലേക്ക് എത്തിച്ചതും യേശുവിനെക്കൊണ്ട് അത്ഭുതം പ്രവർത്തിപ്പിച്ചതും വിശ്വാസമായിരുന്നു. യേശു ശ്ലാഘിക്കുന്നു, "യിസ്രായേല്യരിൽ പോലും ഇതുപോലുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല." മഹാത്മാഗാന്ധി പറയുന്നു. "കൈയില്ലാത്ത മനുഷ്യന് ദാനം സ്വീകരിക്കുവാൻ കഴിയാത്തതുപോലെ വിശ്വാസമില്ലാത്തവർക്ക് ദൈവത്തിന്റെ അനുഗ്രഹവും സ്വീകരിക്കാനാവില്ല." സാധാരണ ജീവിതത്തിൽ വിശ്വാസമാണ് കർമ്മോന്മുഖതയുടെ അടിസ്ഥാനം. രോഗനിവാരണ ഗവേഷകർ രോഗനിവാരണ സാധ്യതയെക്കുറിച്ച് വിശ്വസിക്കണം. എന്നിട്ട് ഗവേഷണം നടത്തിയാലേ വിജയിക്കൂ. ഒരു സംഭവകഥ ഓർമ്മിപ്പിക്കട്ടെ? ബ്ലോഡിൻ ഞാണിന്മേൽ കളിക്കാരനാണ്. ലോകത്തിലെ ഏറ്റവും വലിയ നയാഗ്ര വെള്ളച്ചാട്ടത്തിനു മുകളിലൂടെ കമ്പി വലിച്ചുകെട്ടി അതിലൂടെ അക്കരെ കടക്കുവാൻ തീരുമാനിച്ചു. കാറ്റിനെ നിയന്ത്രിക്കുവാനും ബാലൻസ് കൃത്യമാക്കുവാനും കയ്യിൽ ഒരു കുടയുമായി കമ്പിൽക്കൂടി യാത്രയാരംഭിച്ചു. ആയിരങ്ങൾ സാക്ഷികളായി കയ്യടിച്ച് പ്രോത്സാഹിപ്പിച്ചു. വെള്ളച്ചാട്ടത്തിന്റെ പകുതിദൂരം പിന്നിട്ടപ്പോൾ സഹായിയായ കുട വെള്ളത്തിലേക്കെറിഞ്ഞു. പിന്നീടുള്ള യാത്ര കുടയില്ലാതെ സാഹസികമായിരുന്നു. അക്കരെ ചെന്നുചേർന്നപ്പോൾ കയ്യടിയും ജയ്‌വിളികളും ആകാശം മുട്ടെ മുഴങ്ങി. ബ്ലോഡിൻ ജനത്തോട് ചോദിച്ചു. ഞാൻ ഇതുപോലെ തിരികെ വീണ്ടും അക്കരെ കടക്കും എന്ന് നിങ്ങൾക്ക് വിശ്വാസമുണ്ടോ? ജനം എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു. "ഉവ്വ്, ഞങ്ങൾ വിശ്വസിക്കുന്നു." ബ്ലോഡിൻ പറഞ്ഞു, "എന്നാൽ ഒരു കാര്യം. മടക്കയാത്രയിൽ ഒരു ചെറുപ്പക്കാരൻ എന്റെ തോളിലിരിക്കണം." നേരത്തെ ആരവം മുഴക്കിയവർ ഒന്നും മിണ്ടുന്നില്ല. എല്ലാവരും മൗനം. കാരണം എല്ലാവർക്കും വിശ്വാസമുണ്ട്. സുദൃഢമായ ബോധ്യമില്ല.

**ധ്യാനം:** നമ്മൾ പരിമിതികളുള്ള മനുഷ്യരാണ്. ബ്ലോഡിന്റെ സ്ഥാനത്ത് ദൈവം നമ്മെ, പ്രശ്നങ്ങളാൽ പീഡിപ്പിക്കപ്പെടുന്നവരെ, രക്ഷിക്കുന്നു. നിങ്ങൾ എന്റെ തോളിരിക്കൂ നിങ്ങളുടെ പ്രശ്നങ്ങൾ നയാഗ്രയേക്കാൾ ശക്തമായിരുന്നാലും ഞാൻ നിങ്ങളെ മറുകരയെത്തിക്കും. ഈ ഉറപ്പിൽ ശതാധിപൻ ക്രിസ്ത്യാനികളെയും ലജ്ജിപ്പിക്കുന്നില്ലേ?

**ഉപസംഹാരം:** തികഞ്ഞ അനുതാപമാണ് ശതാധിപനിൽ കാണുന്ന സവിശേഷത. ദൈവമുമ്പാകെ ഞാൻ ആരുമല്ല എന്ന ബോധ്യം. നൂറ് പടയാളികളുടെ തലവൻ. പക്ഷെ, കർത്താവിന്റെ മുമ്പിൽ വെറും 'സീറോ' എന്ന ഉയർന്ന ചിന്ത അവനെ ഉന്നതിയിലേക്കുയർത്തി. ലൂക്കോ. 7:6-10. ഇപ്രകാരം കാണുന്നു. "യേശു അവന്റെ (ശതാധിപൻ അയച്ചവരോട് കൂടെ ശതാധിപന്റെ) വീട്ടിലേക്ക് പോയി. വീടിനോട് അടുത്തായപ്പോൾ ശതാധിപൻ സ്നേഹിതന്മാരെ അവന്റെ അടുക്കലേക്ക് അയച്ചു. കർത്താവേ, പ്രയാസപ്പെടേണ്ട. നീ എന്റെ പുരയ്ക്കകത്ത് വരുവാൻ ഞാൻ പോരാത്തവൻ. നിന്റെ അടുക്കൽ വരുവാൻ ഞാൻ യോഗ്യനെന്ന് എനിക്ക് തോന്നിയിട്ടില്ല. യഹൂദനായ നീ പുറംജാതിക്കാരനായ എന്റെ ഭവനത്തിൽ പ്രവേശിച്ച് അശുദ്ധനാകാൻ പാടില്ല. ഒരു വാക്ക് കല്പിച്ചാൽ എന്റെ ബാല്യക്കാരന് സൗഖ്യം വരും. ഞാനും അധികാരത്തിന് കീഴ്പ്പെട്ട മനുഷ്യൻ. എന്റെ കീഴിൽ പടയാളികൾ ഉണ്ട്. ഒരുത്തനോട് പോക എന്നു പറഞ്ഞാൽ അവൻ പോകുന്നു. മറ്റൊരുത്തനോട് വരിക എന്നു പറഞ്ഞാൽ വരുന്നു." യേശു അത് കേട്ടിട്ട് ആശ്ചര്യപ്പെട്ട് തിരിഞ്ഞുനോക്കി തന്നെ അനുഗമിക്കുന്ന കൂട്ടത്തോട് "യിസ്രായേലിൽക്കൂടി ഇങ്ങനെയുള്ള വിശ്വാസം കണ്ടിട്ടില്ല" എന്നു പറഞ്ഞു. യേശുവിന്റെ ഈ സാക്ഷ്യം തന്റെ രക്തത്താൽ വിലയ്ക്കുവാങ്ങിയ നമ്മെ ലജ്ജിപ്പിക്കുന്നില്ലേ.?

**വൈദ്യശാസ്ത്രം**

# കാൻസർ, അറിയേണ്ട ചില വസ്തുതകൾ

**ഡോ. ജിജാ രാജൻ,** R.C.C. തിരുവനന്തപുരം

നൂറ്റാണ്ടുകളായി മനുഷ്യനെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്ന രോഗമാണ് കാൻസർ. ഒരു പക്ഷെ കാൻസർ മൂലമുണ്ടാകുന്ന ശാരീരികവും മാനസികവും വൈകാരികവുമായ വിഷമതകളായിരിക്കാം കാൻസറിനെക്കുറിച്ച് മനുഷ്യമനസ്സിൽ ഇങ്ങനെയൊരു ഭീതി ഉളവാക്കാൻ കാരണം. ചികിത്സയില്ലാത്ത രോഗമാണിത് എന്ന മിഥ്യാധാരണയും ഉണ്ട്. മിക്ക ക്യാൻസറുകളും ഇന്ന് ചികിത്സിച്ചു ഭേദമാക്കാവുന്നതാണ്. പൂർണ്ണമായും ഭേദമാക്കാൻ കഴിയാത്തവ ചികിത്സവഴി ശിഷ്ടജീവിതം ഗുണമേന്മയുള്ളതാക്കി തീർക്കാൻ പര്യാപ്തമാക്കുന്നു.

രോഗത്തിന്റെ സ്വഭാവവും വ്യാപ്തിയും അനുസരിച്ചാണ് ചികിത്സ നിശ്ചയിക്കുന്നത്. ആരംഭത്തിൽ കണ്ടുപിടിക്കുകയാണെങ്കിൽ അസുഖം ഒരു പരിധിവരെ പൂർണ്ണമായും ഭേദമാക്കാവുന്നതാണ്. മാത്രമല്ല ചികിത്സച്ചെലവ് വളരെയധികം കുറയ്ക്കാവുന്നതും ചികിത്സ കൊണ്ടുള്ള പാർശ്വഫലങ്ങൾ ലഘൂകരിക്കാവുന്നതുമാണ്. അതുകൊണ്ടു തന്നെ തുടക്കത്തിൽ അസുഖംകണ്ടുപിടിക്കാനും ചികിത്സ തേടാനും അവശ്യം ചില വസ്തുതകൾ നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്.

**കാൻസറിന്റെ കാരണങ്ങൾ**

**1. പ്രായം :** പ്രായം കൂടുന്തോറുംജനിതകമാറ്റങ്ങൾ സംഭവിക്കുന്നതുകൊണ്ട് കാൻസറിന് സാധ്യതയേറുന്നു. ഇതുകൊണ്ടാണ് പ്രായമായവരിൽ കൂടുതലായി അർബുദം കണ്ടുവരുന്നത്.

**2. ജനിതക സ്വഭാവം :** ചില വ്യക്തികളിൽ ജന്മനാതന്നെ ചില ജനിതക മാറ്റങ്ങൾ കാണപ്പെടുന്നു. ഉദാഹരണത്തിന് BRCA 1 BRCA 2 എന്നീ ജനിതക ഘടകങ്ങൾ ഉള്ള സ്ത്രീകളിൽ സ്തനാർബുദം വരാൻ സാധ്യത കൂടുതലാണ്. അതുപോലെ തന്നെ ജനിതകസ്വഭാവവുമായി ബന്ധപ്പെട്ട മറ്റൊരു കാൻസർ വൻകുടലിലെ കാൻസർ ആണ്.

**3. അമിതഭാരം (ദുർമേദസ്സ്)**

വൻകുടൽ, പാൻക്രിയാസ്, അന്നനാളം, വൃക്ക, പിത്തസഞ്ചി, സ്തനം, ഗർഭാശയം എന്നീ അവയവങ്ങളിലെ കാൻസറിന് ദുർമേദസ്സ് കാരണമാകുന്നതായി പഠനങ്ങളിൽ കാണുന്നു. ആർത്തവ വിരാമത്തിനു ശേഷം ശരീരഭാരം കൂടുന്നത് സ്തനാർബുദ സാധ്യത കൂട്ടുന്നു. കൃത്യമായ ശാരീരിക വ്യായാമവും ആരോഗ്യകരമായ ശരീരഭാരവും കാൻസറിനെ നിയന്ത്രിക്കാൻ സഹായിക്കുന്നു.

**4. മദ്യപാനം :** വായ്, തൊണ്ട, അന്നനാളം, വൻകുടൽ, കരൾ എന്നിവയിലെ കാൻസറിന് മദ്യപാനം കാരണമാകുന്നു. സ്ത്രീകളിലെ മദ്യപാനം സ്തനാർബുദ സാധ്യത വർദ്ധിപ്പിക്കുന്നു.

**5. ഭക്ഷണരീതി :** ബീഫ്, ആട്ടിറച്ചി എന്നിവയുടെ അമിത ഉപയോഗം വൻകുടൽ, ആമാശയം എന്നിവയിലെ അർബുദത്തിന് കാരണമാകാം. അതുപോലെ തന്നെ ആഹാരത്തിൽ വെണ്ണ, പാൽ, (പൂരിത കൊഴുപ്പ്) മൃഗകൊഴുപ്പ് എന്നിവ അമിതമായി ഉപയോഗിക്കുന്നതും അർബുദത്തിന് സാധ്യത കൂട്ടുന്നു.

**6. അണുബാധ :** Human Papiloma വൈറസ് ഗർഭാശയഗള കാൻസറിനു കാരണമായേക്കാം. Hepatitis B, Hepatitis C എന്നീ വൈറസുകൾ വിദൂരഭാവിയിൽ കരൾ അർബുദത്തിലേയ്ക്ക് നയിക്കുന്നു. Epstain Bar എന്ന വൈറസ് Lymphoma എന്ന കാൻസറിനു കാരണമാകുന്നു. Helico factor pailori ആമാശയത്തിനകത്ത് വ്രണങ്ങൾ ഉണ്ടാക്കുന്ന ഒരു അണുബാധയാണ്. വർഷങ്ങൾ കഴിയുമ്പോൾ ഇത് ആമാശയ കാൻസറായി രൂപപ്പെട്ടേക്കാം. AIDS അണുബാധയുള്ളവർക്ക് Kaposis Sarcoma, ചിലതരം Lymphoma എന്നിവ കൂടുതലായി കാണപ്പെടുന്നു.

**7. പുകയിലയുടെ ഉപയോഗം :** പുകയിലയുടെ എല്ലാ തരത്തിലുള്ള ഉപയോഗവും കാൻസർ ഉണ്ടാക്കുന്നു. ശ്വാസകോശാർബുദവും Oral Cancer-ഉം ആണ് പുകയില ഉപഭോഗം വഴി ഉണ്ടാകുന്നത്. എന്നാൽ പുകവലി ശ്വാസകോശം, തൊണ്ട, ശബ്ദപേടകം, അന്നനാളം, വായ, മൂത്രാശയം ചിലതരം ലുക്കീമിയ എന്നിവയ്ക്കും കാരണമാകുന്നു. പുകയിലകൂട്ടി മുറുക്കൽ, പാൻ മസാലയുടെ ഉപയോഗം, എന്നിവ Oral Cancer-നും അതിനു മുന്നോടിയായ വെളുത്ത പാട്, വിളർച്ച എന്നിവയ്ക്കും തൊണ്ട, അന്നനാളം, എന്നിവയിലെ ക്യാൻസറിനും കാരണമാകുന്നു. മൂക്കിൽപ്പൊടി അമിതമായി ഉപയോഗിക്കുന്നത് നാസാദ്ധ്രവുമായി ബന്ധപ്പെട്ട അർബുദത്തിന് വഴി ഒരുക്കുന്നു.

**8. ലൈംഗികതയും പ്രത്യുൽപ്പാദനവും ആയി ബന്ധപ്പെട്ട കാൻസറുകൾ :** മുപ്പതു വയസ്സിനു ശേഷം ആദ്യത്തെ പ്രസവം ഉണ്ടാകുന്നവരിലും വന്ധ്യതയുള്ളവരിലും സ്തനാർബുദം കൂടുതലായി കാണപ്പെടുന്നു. നേരത്തേ വിവാഹം കഴിക്കുന്നവർ, കൂടുതൽ ലൈംഗീക പങ്കാളികൾ ഉള്ളവർ എന്നിവരിൽ Human Papiloma വൈറസ് എന്ന അണുബാധയും അതുമൂലം ഗർഭാശയ ഗള കാൻസറും വരാൻ സാധ്യതയുള്ളതായി പഠനങ്ങൾ തെളിയിക്കുന്നു. ആർത്തവ ചക്രം നേരത്തേ തുട

ങ്ങുന്ന സ്ത്രീകളിലും ആർത്തവവിരാമം താമസിച്ചുണ്ടാകുന്ന സ്ത്രീകളിലും സ്തനാർബുദം വരാനുള്ള സാധ്യത ചെറിയതോതിൽ കാണപ്പെടുന്നു. ശരീരത്തിലെ ഹോർമോണുകളുടെ ഏറ്റക്കുറച്ചിൽ പ്രോസ്റ്റേറ്റ്, തൈറോയിഡ്, ഗർഭാശയം എന്നിവയിലെ ക്യാൻസറിന് കാരണമാകുന്നു എന്ന് ചില പഠനങ്ങൾ പറയുന്നുണ്ട്.

**9. പ്രവർത്തന മേഖലയും കാൻസറും (Occupational Cancer) :** കൃഷിസംബന്ധമായി ഉപയോഗിക്കുന്ന കീടനാശിനികളുമായിട്ടുള്ള ദീർഘകാല സമ്പർക്കം Lymphoma, Leukemia, ശ്വാസകോശാർബുദം എന്നിവയ്ക്ക് കാരണമാകുന്നു. ഭൂഗർഭഖനനം, ലോഹവ്യവസായം, ആസ്ബസ്റ്റോസ് എന്നിവ ശ്വാസകോശം, തൊണ്ട എന്നിവയിലെ അർബുദത്തിനു കാരണമാകുന്നു. റബ്ബർ, ടയർ, ഡൈ മുതലായ രാസവസ്തുക്കൾ മൂത്രസഞ്ചി, കരൾ എന്നിവയിലെ കാൻസറിനും കാരണമാകുന്നു.

**10. ഹോർമോൺ ഉപയോഗവും കാൻസറും :** ഗർഭനിരോധന ഗുളികകൾ ദീർഘകാലമായി ഉപയോഗിക്കുന്നവർക്ക് മാറിലെ കാൻസർ വരാൻ സാധ്യത നേരിയ തോതിൽ കാണപ്പെടുന്നു. ആർത്തവ വിരാമകാലത്തെ ഹോർമോൺ ചികിത്സ സ്തനാർബുദ സാധ്യതയെ വർദ്ധിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

**11. പാരമ്പര്യ സാധ്യതകൾ :** ഒരു സ്ത്രീയുടെ അടുത്ത ബന്ധുക്കൾക്ക് (അമ്മ, സഹോദരി, മുതലായവർക്ക്) ആർത്തവ വിരാമത്തിനു മുൻപ് സ്തനാർബുദം വന്നിട്ടുണ്ടെങ്കിൽ ആ സ്ത്രീയ്ക്ക് ഈ അസുഖം വരാൻ സാധ്യത കൂടുതലാണ്. അതുപോലെ തന്നെ ഒരു വ്യക്തിയുടെ അടുത്ത ബന്ധുക്കൾക്ക് വൻകുടലിലെ കാൻസർ, വൻകുടലിലെ പോളിപ്പ് എന്നീ രോഗങ്ങൾ ഉണ്ടെങ്കിൽ ഈ വ്യക്തിയ്ക്ക് രോഗസാധ്യത കൂടുതലാണ്.

**12. സ്ത്രീ-പുരുഷൻ എന്ന വ്യത്യാസം:** സ്തനാർബുദം, തൈറോയ്ഡ് ഗ്രന്ഥിയിലെ കാൻസർ എന്നിവ സ്ത്രീകളിൽ കൂടുതലായി കാണപ്പെടുന്നു. ശരീരത്തിന്റെ ഒരു ഭാഗത്ത് (ഉദാഹരണത്തിന് സ്തനം) കാൻസർ വന്ന് ചികിത്സിച്ച് ഭേദമാക്കിയ സ്ത്രീകൾക്ക് മറ്റേ സ്തനത്തിൽ കാൻസർ വരാനുള്ള സാധ്യത കൂടുതലാണ്. വൻ കുടലിൽ Polyp. Ulcerative Colitis. Cohn's Disease എന്നിവയുള്ളവർക്ക് ഭാവിയിൽ വൻകുടൽ കാൻസറിന് സാധ്യതയേറുന്നു.

**കാൻസറിന്റെ ലക്ഷണങ്ങൾ**

ഉണങ്ങാത്ത മുറിവുകൾ പ്രത്യേകിച്ച് വായിൽ

ശരീരത്തിലുണ്ടാവുന്ന മുഴകളും തടിപ്പും പ്രത്യേകിച്ച് സ്ത്രീകളുടെ സ്തനങ്ങളിൽ, മുലഞെട്ടിൽ നിന്നുള്ള രക്തസ്രാവം

അസാധാരണവും ആവർത്തിച്ചുള്ളതുമായ രക്തസ്രാവം (പ്രത്യേകിച്ച് ലൈംഗിക ബന്ധത്തിനു ശേഷവും ആർത്തവം നിലച്ച സ്ത്രീകളിലും)

തുടരെ തുടരെയുള്ള ദഹനക്കേട്, വയറുവേദന, ആഹാരമിറക്കാനുള്ള പ്രയാസം

തുടർച്ചയായ ശബ്ദമടപ്പും ചുമയും (പ്രത്യേകിച്ച് പുകവലിക്കാരിൽ)

സാധാരണയിൽ നിന്നും വ്യത്യാസമായി മലമൂത്രവിസർജ്ജനത്തിലുണ്ടാകുന്ന മാറ്റങ്ങൾ (രക്തം, പഴുപ്പ്, മുതലായവ)

മറുക്, കാക്കപ്പുള്ളി, അരിമ്പാറ തുടങ്ങിയവയുടെ നിറത്തിലുണ്ടാകുന്ന വ്യതിയാനം

**കാൻസർ നേരത്തെ കണ്ടുപിടിക്കുന്ന രീതികൾ**

മുപ്പതു വയസ്സിനു മുകളിൽ പ്രായമുള്ള വിവാഹിതരായ എല്ലാ സ്ത്രീകളും Pap smear പരിശോധനയ്ക്ക് വിധേയരാകുന്നതും ഗർഭാശയഗള കാൻസറോ അതിനു മുന്നോടിയായ മാറ്റങ്ങളോ പ്രാരംഭത്തിൽ തന്നെ കണ്ടെത്തുവാൻ സാധിക്കുന്നു. Colposcopy എന്ന test വഴി ഗർഭാശയ ഗളത്തെ 15 മടങ്ങ് വലിപ്പത്തിൽ കാണാൻ സാധിക്കുന്നതിലൂടെയും കാൻസർ കണ്ടെത്താം.

**വായിലെ കാൻസർ :** വെളുത്തപാട് (Leukoplakia) പുകയില/ പാൻമസാല എന്നിവ വയ്ക്കുന്ന ഭാഗത്ത് കാണുന്ന വെളുത്ത പാടയാണിത്. ഇത് തൊലിയിൽ നിന്ന് അല്പം തടിച്ച് നേർമ്മയേറിയതും മിനുമിനുത്തതും ആകാം. (Homogeneous Lenkoplakia) അതല്ലെങ്കിൽ വായ്ക്കകത്ത് പൊടി വിതറിയതുപോലെയും ആകാം. (Speckled Lenkoplakia). ഈ പ്രത്യേകതരം രോഗം പുകവലി കൊണ്ടാണ് കൂടുതലായും ഉണ്ടാകുന്നത്. മൂന്നാമതായി വെള്ളപാടുകൾക്കിടയിൽ വൃണവും മൊട്ടുസൂചിയുടെ തലയുടെ വലിപ്പമുള്ള തടിപ്പും ഇടകലർന്ന വെളുത്തപാടും കാണാം. ഇത് കാൻസർ ആകുവാനുള്ള സാധ്യത കൂടുതലാണ്.

**Submucos Fibrosis :** കവിളിലെ തൊലി വരണ്ട്, മൃദുത്വം നഷ്ടപ്പെട്ട്, വായിലെ തൊലി വിളറി, വായ് തുറക്കാൻ ബുദ്ധിമുട്ടുന്ന അവസ്ഥയാണിത്. അടയ്ക്കയും പുകയിലയും കൂട്ടി മുറുക്കുന്നവരിൽ ആണ് ഇത് കൂടുതലായി കണ്ടുവരുന്നത്.

**ഉണങ്ങാത്ത വ്രണങ്ങൾ :** വായിൽ കാണുകയാണെങ്കിൽ വൈദ്യപരിശോധന ആവശ്യമാണ്. പ്രത്യേകിച്ച് മുറുക്ക്, മദ്യപാനം, പുകവലി എന്നിവയുള്ളഴരും കൂർത്ത പല്ല് മോണയിൽ തട്ടുന്നവരും

**സ്തനാർബുദം :** സ്വയം സ്തന പരിശോധന അല്ലെങ്കിൽ പരിശീലനം ലഭിച്ച ആരോഗ്യപ്രവർത്തനകയെ കൊണ്ടുള്ള സ്തന പരിശോധന വഴി സ്തനാർബുദം പ്രാരംഭത്തിൽ കണ്ടുപിടിക്കാൻ കഴിയും. മുഴയിൽ നിന്ന് കുത്തിയെടുത്ത് പരിശോധിക്കുന്നതു വഴിയും മാമോഗ്രാം എന്ന ഠലൈ വഴിയും അസുഖം കണ്ടുപിടിക്കാം.

**വൻകുടലിലെ കാൻസർ :** ഇത് പരിശോധിക്കുന്നതിന് മലത്തിൽ രക്തത്തിന്റെ അംശം (Faecal Occult blood) കുഴലിറക്കു പരിശോധിക്കൽ (Colonoscopy) ബേരിയം പിരശോധന എന്നിവ ചെയ്യാവുന്നതാണ്.

ലേഖനം

# ശുഭാപ്തി വിശ്വാസവും പ്രത്യാശയും

ഡോ. ബിനോയ് കുര്യാക്കോസ്, കൂത്താട്ടുകുളം

എല്ലാവർക്കും ചില സാഹചര്യങ്ങളിൽ ഉത്കണ്ഠ ഉണ്ടാകുന്നു. ഉത്കണ്ഠ വളരെക്കൂടുതലാണെങ്കിൽ അത് വിവേചന ശക്തിയെ നശിപ്പിക്കുന്നു. അപ്പോൾ ഏതെങ്കിലും കാര്യം ചെയ്താൽ പരാജയപ്പെടുവാനുള്ള സാധ്യത കൂടുതലാണ്. പക്ഷേ ചെറിയ ഉത്കണ്ഠ പലർക്കും ചില സാഹചര്യങ്ങളിൽ പ്രയോജനപ്രദമാണ്.

ഏതെങ്കിലും പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കുമ്പോൾ നാം കൂടുതൽ വേവലാതിപ്പെട്ടാൽ പ്രശ്നം തരണം ചെയ്യുന്നതിനെക്കുറിച്ച് മെച്ചപ്പെട്ട രീതിയിൽ ചിന്തിക്കുവാൻ കഴിയുകയില്ല.

ഏതെങ്കിലും പുതിയ കാര്യം ചെയ്യേണ്ടി വരുമ്പോൾ എനിക്കിതു ചെയ്യുവാൻ കഴിയുകയില്ല എന്ന രീതിയിലുള്ള നിഷേധാത്മകമായ ചിന്തയായിരിക്കും കൂടുതൽ മന:ക്ലേശം അനുഭവിക്കുന്നവരുടെ മനസ്സിൽ കൂടി പലപ്പോഴും കടന്നു പോകുക. ഇങ്ങനെയുള്ളവർക്ക് അവരെ ഏൽപിച്ച കാര്യം നല്ല രീതിയിൽ ചെയ്തു പൂർത്തിയാക്കുവാൻ കഴിയില്ല. ഈ കാഴ്ചപ്പാടുള്ള കുട്ടികളുടെ പഠനനിലവാരം മോശമായിരിക്കും. ജീവിതത്തിൽ അവരുടെ മുന്നോട്ടുള്ള വഴി അടഞ്ഞുപോകും. പുതിയ വഴി വെട്ടി മുന്നോട്ടു പോകുവാൻ കഴിയാത്ത നിരാശരായി മറ്റുള്ളവരെ കുറ്റപ്പെടുത്തി, വിധിയെ പഴിച്ച്, സ്വയം ശപിച്ച് കഴിഞ്ഞു കൂടും. ചിലർ സ്വയം ജീവിതമവസാനിപ്പിക്കും. ചിൽ സാമൂഹ്യ ദ്രോഹികളായി മാറും.

മറിച്ച് മാറ്റുവാൻ പറ്റാത്ത ഏതെങ്കിലും കുറവുകൾ മൂലമാണ് തങ്ങൾ പരാജയപ്പെടുന്നതെന്നു വിശ്വസിക്കുന്നവരുടെ ആശ നശിക്കുന്നു. അവർ പരാജയപ്പെട്ടാൽ വീണ്ടും പരിശ്രമിക്കാതിരിക്കുന്നു. വിജയത്തിലെത്തുവാൻ മറ്റു മാർഗ്ഗമെന്തെന്ന് അവർ ചിന്തിക്കുന്നില്ല.

പ്രത്യാശയുടെ പ്രധാന്യം എന്താണെന്നു നോക്കാം. ജീവിതത്തിൽ കയ്പ്പേറിയ വെല്ലുവിളികൾ നേരിടുമ്പോഴും തിരിച്ചടികൾ ഉണ്ടാകുമ്പോഴും ശുഭാപ്തി വിശ്വാസമുള്ളവരും പ്രത്യാശയുള്ളവരും ആശ കൈവെടിയുകയില്ലെന്ന് ഡാനിയൽ ഗോൾമാൻ പറയുന്നു. കാര്യങ്ങൾ ശരിയായ ദിശയിൽ നീങ്ങും എന്ന ശക്തമായ പ്രതീക്ഷ ഉള്ളവരാണവർ എന്നും ഗോൾമാൻ പറയുന്നു. കാര്യങ്ങൾ ശരിയായ ദിശയിൽ നീങ്ങും എന്ന ശക്തമായ പ്രതീക്ഷ ഉള്ളവരാണവർ എന്നും ഗോൾമാൻ അഭിപ്രായപ്പെടുന്നു. പ്രത്യാശ വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഒരു പരീക്ഷയ്ക്കു മാർക്കു വളരെ കുറഞ്ഞു പോയാൽ എന്തുകൊണ്ടാണ് മാർക്കു കുറഞ്ഞുപോയത് എന്ന് പ്രത്യാശയുള്ള കുട്ടികൾ പരിശോധിക്കുകുയം നല്ല മാർക്കു കിട്ടുവാൻ വ്യത്യസ്തമായി എന്താണ് ചെയ്യേണ്ടത് എന്നു ചിന്തിക്കുകയും അതിനു വേണ്ടി കഠിനമായി പരിശ്രമിക്കുകയും ചെയ്യും. ഇത് അവരെ വിജയത്തിലേയ്ക്കു നയിക്കുന്നു. അതുകൊണ്ട് പ്രത്യാശയോടു കൂടി ജീവിക്കുവാൻ പരിശീലനം നേടുക.

നമ്മുടെ മുന്നിൽ ഒരു പ്രശ്നം ഉണ്ടാകുമ്പോൾ എടുത്തുചാടി തീരുമാനത്തിൽ എത്താതെ ഒന്നു ചിന്തിക്കണം. ചിലർക്ക് അതിന് പ്രത്യേക കഴിവുണ്ട്. എല്ലാവർക്കുമില്ല. ഈ കഴിവ് നമുക്കു വളർത്തിയെടുക്കാവുന്നതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നതിന് മത്തായിയുടെ സുവിശേഷം (മത്തായി 14:15-21) നമ്മെ സഹായിക്കുന്നു.

**അഞ്ചപ്പവും അയ്യായിരം പേരും**

ഒരു ദിവസം യേശുവിന്റെ പ്രഭാഷണം കേൾക്കുവാൻ വലിയൊരു ജനക്കൂട്ടം ഉണ്ടായിരുന്നു. വൈകുന്നേരമായപ്പോൾ ശിഷ്യന്മാർ അവന്റെ അടുക്കൽ ചെന്നു. ഈ സ്ഥലം മരുഭൂമിയല്ലോ. നേരവും വൈകി. പുരുഷാരം ഗ്രമങ്ങളിൽ പോയി ഭക്ഷണ

---

**പ്രോസ്റ്റേറ്റ് കാൻസർ :** പുരുഷന്മാരിൽ പ്രോസ്റ്റേറ്റ് ഗ്രന്ഥിയിലെ കാൻസർ കണ്ടുപിടിക്കാൻ രക്തത്തിലെ PSA (Prostate Specific Antigen) യുടെ അളവ് പരിശോധിക്കാം. അടിവയറിന്റെ അൾട്രാസൗണ്ട സ്കാൻ എടുക്കുന്നതു വഴിയും പ്രോസ്റ്റേറ്റ് ഗ്രന്ഥിയിലെ വീക്കം കണ്ടുപിടിക്കാൻ സാധിക്കും.

നല്ല ജീവിത ശൈലി അവലംബിക്കുക വഴി ഒരു പരിധി വരെ നമുക്ക് ഈ അസുഖത്തെ മാറ്റി നിർത്താൻ സാധിക്കും. അതായത് പുകയിലയും മദ്യവും വർജ്ജിക്കുക. ധാരാളം പഴങ്ങളും പച്ചക്കറികളും ഇലക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തുക. നേരത്തെ വിവരിച്ചപോലുള്ള രോഗലക്ഷണങ്ങൾ തോന്നുകയാണെങ്കിൽ വൈദ്യസഹായം തേടുക. ഇതുവഴി രോഗം നേരത്തെ കണ്ടുപിടിക്കുവാനും ചികിത്സിച്ച് ഭേദമാക്കുവാനും കഴിയും. നമ്മുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും ആഘോഷങ്ങൾക്കും കാൻസർ ഒരു തടസ്സമാകേണ്ടതില്ല. ആത്മ ധൈര്യത്തോടും വർദ്ധിച്ച ഇച്ഛാശക്തിയോടും കൂടെ നേരിടുകയും ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കുകയും ചെയ്യുകയാണ് വേണ്ടത്. ●

സാധനങ്ങൾ കൊള്ളേണ്ടതിനു അവരെ പറഞ്ഞയക്കേണം എന്നു പറഞ്ഞു. യേശു അവരോടു : 'അവർ പോകുവാൻ ആവശ്യമില്ല. നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ' എന്നു പറഞ്ഞു. അവർ അവനോടു: അഞ്ചു അപ്പവും രണ്ടു മീനും അല്ലാതെ, ഞങ്ങൾക്കു ഇവിടെ ഒന്നും ഇല്ല എന്നു പറഞ്ഞു. അതു കൊണ്ടുവരുവിൻ എന്നു അവൻ പറഞ്ഞു. പിന്നെ പുരുഷാരം പുല്ലിന്മേൽ ഇരിപ്പാൻ കൽപിച്ചു; ആ അഞ്ചു അപ്പവും രണ്ടു മീനും എടുത്തു, സ്വർഗ്ഗത്തേയ്ക്കു നോക്കി വാഴ്ത്തി. അപ്പം നുറുക്കി, ശിഷ്യന്മാരുടെ പക്കലും ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു. എല്ലാവരും തിന്നു തൃപ്തരായി; ശേഷിച്ച കഷണം പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു. തിന്നവരോ സ്ത്രീകളെയും പൈതങ്ങളേയും കൂടാതെ ഏകദേശം അയ്യായിരം പുരുഷന്മാർ ആയിരുന്നു.

യേശുവിന്റെ പ്രഭാഷണം കേട്ടുകൊണ്ടിരുന്നവർക്ക് ഭക്ഷണം വേണമെന്ന് ശിഷ്യന്മാർക്ക് അറിയാമായിരുന്നു. പക്ഷേ അത് പ്രസംഗസ്ഥലത്ത് ലഭ്യമാക്കാൻ കഴിയുമെന്ന് അവർ വിശ്വസിച്ചില്ല. അവിടെ തന്നെ ലഭ്യമാക്കുവാൻ കഴിയുമോ എന്ന് അവർ ചിന്തിച്ചില്ല. മറിച്ച് ഭക്ഷണം അവിടെ ത്തന്നെ ലഭ്യമാക്കുവാൻ കഴിയുകയില്ല എന്നും വിശ്വസിച്ചു.

പുരുഷാരം ഗ്രാമത്തിലേയ്ക്ക് പോകേണ്ടതില്ല എന്നു പറഞ്ഞതിനു ശേഷം അവർക്ക് ഭക്ഷണം കൊടുക്കുവാൻ യേശു ആവശ്യപ്പെട്ടപ്പോഴും ഭക്ഷണം കൊടുക്കുവാൻ സാധിക്കും എന്ന് ശിഷ്യന്മാർ വിശ്വസിച്ചില്ല. അഞ്ചപ്പവും രണ്ടു മീനും മാത്രമേ ഉള്ളൂ എന്ന് തെളിവു നിരത്തി യേശുവിന്റെ കല്പന പാലിക്കുവാൻ കഴിയുകയില്ല എന്ന് സ്ഥാപിക്കുവാനാണ് ശിഷ്യന്മാർ ശ്രമിച്ചത്.

അഞ്ചപ്പവും രണ്ടു മീനും ഉണ്ട് എന്ന ശുഭാപ്തി വിശ്വാസം അല്ല, മറിച്ച് അഞ്ചപ്പവും രണ്ടു മീനും മാത്രമേ ഉള്ളൂ എന്ന നിഷേധാത്മക ചിന്തയാണ് ശിഷ്യന്മാരുടെ മനസ്സിൽ കൂടി കടന്നുപോയത്. ഇങ്ങനെയുള്ള നിഷേധാത്മക ചിന്തയല്ല നമുക്കു വേണ്ടത്, മറിച്ച് ശുഭാപ്തി വിശ്വാസമാണ് നമുക്കു വേണ്ടത് എന്ന് യേശു ശിഷ്യന്മാരിൽ കൂടി നമ്മെ ബോദ്ധ്യപ്പെടുത്തുകയാണ് ഇവിടെ.

അസാധ്യമെന്ന് തുടക്കത്തിൽ തോന്നുന്ന കാര്യത്തെ സാധ്യമാക്കുവാൻ കഴിയും. കീറാമുട്ടികൾ എന്നു തോന്നിക്കുന്ന പ്രശ്നങ്ങൾ നേരിടുമ്പോഴും മനസിനെ ശുഭാപ്തിവിശ്വാസത്തിൽ ഊന്നി പാകപ്പെടുത്തിയെടുക്കാൻ നാം വിജയിക്കും. പരീക്ഷയ്ക്ക് മാർക്കു കുറഞ്ഞുപോയാൽ അതിനുത്തരവാദി താൻ തന്നെയാണെന്നും തന്റെ ചിന്താരീതിയും പഠനരീതിയും മാറ്റേണ്ടതുണ്ടെന്നും തിരിച്ചറിയുന്ന കുട്ടിയ്ക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പഠിക്കുവാനും ഉയർന്ന മാർക്കു കരസ്ഥമാക്കുവാനും കഴിയും.

നാം ആവർത്തിച്ചു ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് നാം ഇപ്പോൾ ചെയ്യുന്ന രീതി തന്നെ ഏറ്റവും നല്ലതാണ് എന്ന് പലപ്പോഴും തെറ്റായി വിശ്വസിക്കുന്നു. മറ്റെന്തെങ്കിലും മാർഗമുണ്ടോ എന്ന് ചിന്തിക്കുന്നതിന് പ്രയാസമാണ്. പലപ്പോഴും നാം അങ്ങനെ ചിന്തിക്കുവാൻ ശ്രമിക്കാറില്ല.

**ക്രിയാത്മകതയും ശുഭാപ്തി വിശ്വാസവും**

നാം നേരിടുന്ന ഏതെങ്കിലും ഒരു പ്രശ്നത്തിന് ഒരു പരിഹാര മാർഗ്ഗം ഉണ്ടെന്നു വിചാരിക്കുക. മറ്റേതെങ്കിലും പരിഹാരമാർഗം കൂടി ഉണ്ടോ എന്ന് ഒന്നുകൂടി ചിന്തിക്കാവുന്നതാണ്, ചിന്തിക്കേണ്ടതാണ്. പുതിയൊരു പരിഹാരമാർഗം (കാരണം) കിട്ടിയാലും ഇല്ലെങ്കിലും. ഇത് നമ്മുടെ ജീവിത പുരോഗതിയ്ക്ക് ആവശ്യമാണ്. നാം ഒരു പ്രശ്നം നേരിടേണ്ടി വരുമ്പോൾ പരിഹാര മാർഗ്ഗം ഒന്നും നമ്മുടെ മനസിൽ പെട്ടെന്ന് ഉണ്ടായില്ലെങ്കിലും ക്രിയാത്മകമായി ചിന്തിച്ച് പുതിയ മാർഗം തേടേണ്ടതാണ്. അതിനുവേണ്ടി മന:പൂർവം ശ്രമിക്കണം. അന്വേഷിപ്പിൻ കണ്ടെത്തും. ക്രിയാത്മകമായി ചിന്തിക്കുന്നതിന് നമ്മുടെ കഴിവുകൾ തലച്ചോറിന്റെ വലതുഭാഗം ഉപയോഗിച്ച് മെച്ചപ്പെടുത്തണം. ശുഭാപ്തി വിശ്വാസത്തോടെ ചിന്തിച്ചാൽ തലച്ചോറിന്റെ ശരിയായ പ്രവർത്തനം മൂലം കൂടുതൽ ഫലപ്രദമായ തീരുമാനങ്ങൾ എടുക്കുവാൻ നമുക്കു കഴിയും.

പല പ്രശ്നങ്ങൾക്കും ഉത്തരം കണ്ടുപിടിക്കുന്നതിന് ഉപബോധമനസ്സിന് പ്രത്യേക കഴിവുണ്ട്. പലപ്പോഴും ഉറക്കത്തിൽ നമ്മുടെ ഉപബോധമനസ്സ് നമുക്കു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കും. പിറ്റേ ദിവസം രാവിലെ പല പ്രശ്നങ്ങൾക്കും പെട്ടെന്ന് ഉത്തരം കിട്ടുന്നതായി പലർക്കും അനുഭവം ഉണ്ടായിട്ടുണ്ട്. അധ്യായത്തിന്റെ തുടക്കത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അമിത ഉത്കണ്ഠ ഒഴിവാക്കുക.

**ബ്ലാക്ക് & വൈറ്റ് ടെലിവിഷൻ വേണോ?**

ഒരു ബ്ലാക്ക് ആന്റ് വൈറ്റ് ടെലിവിഷൻ ആർക്കെങ്കിലും വേണോ എന്ന് ഞാൻ പലരോടും ചോദിച്ചു. വേണ്ട എന്ന് വളരെ അലക്ഷ്യമായി ഭൂരിഭാഗം ആളുകളും പറഞ്ഞു. സൗജന്യമായി തന്നാൽ വാങ്ങാം എന്ന് ചുരുക്കം ചിലർ പറഞ്ഞു. പലരും ഈ ചോദ്യത്തിൽ ഒട്ടും ശ്രദ്ധിക്കാതെ അവജ്ഞയോടെ തള്ളിക്കളഞ്ഞു. നിങ്ങൾ ബ്ലാക്ക് ആന്റ് വൈറ്റ് ടെലിവിഷൻ വാങ്ങുമോ? ഇല്ല.

ചുരുക്കത്തിൽ പഴഞ്ചൻ ടെലിവിഷൻ ആർക്കും വേണ്ട. അതുപോലെ കാലത്തിനനുസരിച്ച് മാറ്റങ്ങൾ ഉൾക്കൊണ്ട് നമ്മുടെ കഴിവുകൾ മെച്ചപ്പെടുത്തിയില്ലെങ്കിൽ നമ്മളെയും ആർക്കും വേണ്ട. ഒരു ജോലി അന്വേഷിച്ച് എവിടെയെങ്കിലും ചെല്ലുമ്പോൾ സ്ഥാപനത്തിന്റെ അധികാരികൾ ഉദ്ദേശിക്കുന്ന കഴിവുകൾ നമുക്കില്ലെങ്കിൽ ഒരു ബ്ലാക്ക് ആന്റ് വൈറ്റ് ടെലിവിഷന്റെ ഗതി നമുക്കും ഉണ്ടാകും. അതുകൊണ്ട് നമ്മുടെ കഴിവുകൾ മെച്ചപ്പെടുത്താം.

**കളർ ടെലിവിഷനായി രൂപാന്തര പ്പെടാം**

ഫലപ്രദമല്ലാത്ത നമ്മുടെ ഭൂത കാലം നമുക്ക് ഒഴിവാക്കാം. കാലഹ രണപ്പെട്ടുകൊണ്ടിരിക്കുന്ന പഴയ ആചാരങ്ങളിലും വിശ്വാസങ്ങളിലും മുറുകെപ്പിടിക്കാതെ ഇന്നത്തെ യാ ഥാർത്ഥ്യം എന്താണെന്ന് മനസ്സി ലാക്കി പ്രവർത്തിക്കാം. പണ്ട് ഇങ്ങ നെയാണ് ചെയ്തത്. എന്നു മാത്രം പറഞ്ഞിട്ട് കാര്യമില്ല.

പ്രയോജനമില്ലാത്ത കാര്യങ്ങൾ നമ്മുടെ പുരോഗതിയ്ക്ക് തടസമാ ണെങ്കിൽ അവയെ ഉപേക്ഷിക്കുക. അല്ലെങ്കിൽ നമ്മുടെ ഏറ്റവും വില പ്പെട്ട വിഭവശേഷി നശിച്ചു പോകും.

മുമ്പുള്ളവയെ നിങ്ങൾ ഓർ ക്കേണ്ട; പണ്ടുള്ളവയെ നിരൂപിക്കു കയും വേണ്ട. ഇതാ ഞാൻ പുതിയ തൊന്നു ചെയ്യുന്നു: അത് ഇപ്പോൾ ഉത്ഭവിക്കും. നിങ്ങൾ അത് അറിയു ന്നില്ലയോ?

അതേ, ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജന പ്രദേശത്തു നദി കളും ഉണ്ടാക്കും. (യെശയ്യാവു 43: 18,19)

മരുഭൂമിയിൽ വഴിയുണ്ടാകു മ്പോൾ തരിശുഭൂമിയിൽ നദിയുണ്ടാ കുമ്പോൾ അത് കൃഷിയോഗ്യമാവു കയും മനുഷ്യനും മറ്റു ജീവികൾക്കും പ്രയോജനപ്പെടുകയും ചെയ്യുന്നു. അതുപോലെ നമ്മുടെ കഴിവ് മെച്ച പ്പെടുത്തുമ്പോൾ നമുക്കും നമ്മുടെ കുടുംബത്തിനും നാടിനും പ്രയോ ജനം ചെയ്യും.

ഏറ്റവും വിലപിടിപ്പുള്ള മാനവ വിഭവശേഷി ഭാവിയിലെ അവസര ങ്ങൾ പ്രയോജനപ്പെടുത്തുവാൻ നമുക്ക് ഉപയോഗിക്കാം. അല്ലെങ്കിൽ ഭവിഷ്യത്ത് ഭയാനകമായിരിക്കും. അതുകൊണ്ട് പ്രായോഗികവും പ്രയോജനപ്രദവുമായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാം.

പുതിയ അവസരങ്ങൾ എന്തൊക്കെ യാണെന്ന് മനസ്സിലാക്കി അതനുസ രിച്ച് പ്രവർത്തിക്കണം.

**കവിത**

# മനുഷ്യമാലാഖ

**ഡോ. ചാണ്ടി പോൾ**

ഇത്തിരി വെട്ടം കാട്ടിത്തരുമോ
കൈത്തിരി മിന്നാമിന്നുകളേ,
ചൂടില്ലാതെ വെളിച്ചം മാത്രം
ചൂടിന മിന്നാമിന്നുകളേ!
നട്ടുച്ചയ്ക്കുമിരുട്ടു പരന്നൊരു–
മട്ടിൽ തപ്പിത്തടയുകയാ–
ണിങ്ങു മനുഷ്യൻ കഷ്ടം, കണ്ണുക–
ളെങ്ങുമിരുട്ടേ കാണുന്നു!
സമ്പത്തിന്റെ സമൃദ്ധികളുണ്ടവർ
കുമ്പയുഴിഞ്ഞു മയങ്ങുമ്പോൾ
കുമ്പിട്ടെത്രയിരിപ്പൂ ദൈന്യ–
ക്കമ്പി മുറുക്കിയ വീണകളായ്!
രോഗം പട്ടിണി യുദ്ധക്കരിനിഴൽ
വേഗം പടരുകയാണെങ്ങും!
ലോകത്തിന്റെയിരുട്ടറതോറും,
ശോകത്തിന്റെ പുറമ്പോക്കിൽ,
ഏഴകൾ തൻ മിഴിനീരുതുടയ്ക്കാ–
നൂഴിയിലൂന്നും പാദവുമായ്
കാരുണ്യത്തിൻ കടലായ് കന്യാ–
രൂപം പൂണ്ടൊരു മാലാഖ!
അമ്മ തെരീസ, വയസ്സായെൺപതു,
കർമ്മപഥത്തിൽ (തെരുവുകളിൽ
ആതുരശാലയി, ലെച്ചിൽക്കുപ്പയി,–
ലേതോ നിസ്വനിവാസത്തിൽ,
അച്ഛനെയറിയാതിങ്ങു പിറന്നി–
ട്ടമ്മ കളഞ്ഞു കുരുന്നുകളിൽ...)
കാരുണ്യത്തിൻ കൈത്തിരിയേന്തി–
പ്പാരമലഞ്ഞു നടക്കുമ്പോൾ
വിണ്ണിൻ താരത്തങ്കത്തരികൾ
മണ്ണിൽപ്പാറി നടക്കുമ്പോൾ
ഒരു കൈത്താങ്ങു കൊടുക്കാൻ കന്യക–
ളരികിൽ മിന്നാമിനുങ്ങുകളായ്
കുളിരും വെട്ടവുമൊന്നിച്ചേകു–
ന്നളവിൽ മണ്ണിതുവിണ്ണാകും!
അമ്മതെരീസയുറങ്ങി, നമുക്കിനി
ഓർമ്മയിലാ മെഴുതിരിമാത്രം.

RNI No. KERMAL/2012/46014
Reg. No. KL/ALY/0067/2013-2015 **DIOCESAN BULLETIN**
2013 August 15
Price Rs. 10/-

# കടൽപക്ഷികൾ അന്നടുത്തുവന്നില്ല

**സ്വാമി സുഖബോധാനന്ദ**

ജീവിതമൊക്കെ എങ്ങനെയുണ്ട്?

"ഓ-അങ്ങനെ പോകുന്നു."

ഇങ്ങനെ സ്വയം മടുത്ത-മടുപ്പിക്കുന്ന-ഒരു മനോഭാവം നമ്മളിൽ പലർക്കും ഉണ്ട്.

ഈ മനോഭാവത്തോടെ നീങ്ങിയാൽ ജീവിതത്തിൽ ഒരടി പോലും മുന്നേറാനാവില്ല. ജീവിതം അരസികമായി മാറും. ഈ മടുപ്പിന്റെ ചുഴിയിൽ നിന്നും എങ്ങനെ രക്ഷപെടാം.

വലിയ ഓഫീസുകളിൽ ഉന്നത പദവിയിലുള്ള ഉദ്യോഗസ്ഥരെ മടുപ്പ് ബാധിക്കാതെ ഉത്സാഹപ്പെടുത്താൻ ശമ്പളം കൂട്ടിക്കൊടുക്കും, ഉദ്യോഗക്കയറ്റം നൽകും, പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കാൻ അധികാരം നൽകും. ഇതിനെല്ലാം പുറമേ "നിങ്ങളീ സ്ഥാപനത്തിലുണ്ടാവേണ്ടത് അനിവാര്യമാണ്." എന്നവരെ ബോധ്യപ്പെടുത്തും.

ആലോചിച്ചു നോക്കൂ, വീട്ടിലായാലും ഓഫീസിലായാലും നമ്മുടെ പ്രാധാന്യം കുറയുമ്പോഴാണ് നമുക്ക് മടുപ്പു തോന്നുന്നത്. നമ്മളേക്കാളധികം പരിഗണന ലഭിക്കുന്നവരോട് നമുക്ക് അസൂയ തോന്നുന്നു. ഈ അസൂയയാണ് പിന്നീട് പിറുപിറുപ്പായി മാറുന്നത്.

"രാവിലെ തൊട്ട് വൈകുന്നേരം വരെ ഈ മാനേജരുടെ കാര്യമോർത്തു വേവലാതിയാണ്."

"എന്തൊരു തുലഞ്ഞ ബസ്സാണിത്"

"ഇന്നേത് ദരിദ്രവാസിയെയാണാവോ കണികണ്ടത്?" "ഒരു കാര്യവും ശരിയാകുന്നില്ല." എന്നിങ്ങനെ പിറുപിറുക്കുന്നവരെ കാണാം.

മോശക്കാരനായ മാനേജരേക്കാൾ, വൈകി വരുന്ന ബസ്സിനേക്കാൾ, നാം ഉപയോഗിക്കുന്ന വാക്കുകളാണ് നമുക്ക് മടുപ്പുണ്ടാക്കുന്നത്. അതിനാൽ മടുപ്പൊഴിവാക്കണമെങ്കിൽആദ്യം വേണ്ടത് ഇത്തരം വാക്കുകൾ നിങ്ങളുടെ ഡിക്ഷനറിയിൽ നിന്നും എടുത്തു കളയുകയാണ്.

മടുപ്പില്ലാതാക്കാനും ഉത്സാഹം വളർത്താനും ഓട്ടോസജഷൻ (Auto suggestion) ഗണ്യമായി സഹായിക്കും.

ശങ്കർ! നിനക്ക് നല്ല കഴിവുണ്ട്. മറ്റേരേക്കാളും നന്നായി ഈ ജോലി ചെയ്യാൻ കഴിയും. എന്നിങ്ങനെ നാം തന്നെ നമ്മോടു പറയുമ്പോൾ മനസ്സിനും ശരീരത്തിനും ഉത്സാഹം ഉളവാകും. നമ്മൾ ഉത്സാഹമായിരുന്നാൽ നമ്മുടെ ശരീരത്തിൽ നിന്നുത്ഭവിക്കുന്ന തേജോവലയങ്ങൾ ചുറ്റുമുള്ളവരെയും ഉത്സാഹിപ്പിക്കും.

എന്താ! പെട്ടെന്നിങ്ങനെ ഒന്നുമറിയാത്തപോലെ സംസാരിക്കുന്നത് എന്നു തോന്നാം. ഇതൊരു സത്യമാണ്. നാം എന്നു പറയുമ്പോൾ അതിൽ മൂന്ന് നാമം ഉണ്ട്. ഒന്ന് ശരീരം എന്ന നാമം. രണ്ട് മനസ്സ് എന്ന നാമം. മൂന്ന് നമ്മെ ചുറ്റി ശരീരത്തിൽ നിന്നുത്ഭവിക്കുന്ന 'വീചികൾ' എന്ന നാമം. ചില നേതാക്കന്മാരെപ്പറ്റി എന്തൊരു തേജസ്സാണദ്ദേഹത്തെ കണ്ടാൽ എന്നു പറയാറില്ലേ? ഈ തേജസ്സാണ് ശരീരത്തിനു ചുറ്റും ഉളവാകുന്ന അലകൾ. ഈ പ്രകാശ വലയങ്ങളെക്കുറിച്ചൊരു പ്രസിദ്ധ കഥയുണ്ട്:

ഒരു സന്യാസി. തന്നെയും ലോകത്തെയും കുറിച്ച് നന്നായി അറിഞ്ഞ മഹാത്മാവ്. എന്നും പുലർച്ചെ അദ്ദേഹം കടൽത്തീരത്ത് ചെന്നിരുന്ന് പ്രാർത്ഥിക്കും. ആ സമയം കടൽപക്ഷികൾ പറന്നെത്തും. ആ മഹാത്മാവുമായി സന്തോഷത്തോടെ കളിക്കും. ചില പക്ഷികൾ സന്യാസിയുടെ തോളിൽ കയറിയിരിക്കും.

പതിവുപോലെ അന്നും സന്യാസി കടൽതീരത്തിരുന്നു ധ്യാനിക്കാനാരംഭിച്ചു. അപ്പോൾ ഒരു കുട്ടി അവിടെയെത്തി അദ്ദേഹത്തോടു ചോദിച്ചു. "കടൽപക്ഷികൾ വന്ന് അങ്ങയുടെ ചുറ്റും കളിക്കുന്നു. ഒരു പക്ഷിയെ എനിക്കു പിടിച്ചു തരുമോ?" "ശരി, ഒരു പക്ഷിയെ അല്ലേ വേണ്ടൂ, പിടിച്ചുതരാം." അന്ന് ധ്യാനിക്കുവാനിരുന്നപ്പോൾ കടൽ പക്ഷികളെല്ലാം തലയ്ക്കു മുകളിൽകൂടി പറന്നു പോയതല്ലാതെ ഒന്നുപോലും അടുത്തുവന്നില്ല. കാരണം ആ സന്യാസിയുടെ ശരീരത്തിൽ നിന്നും പുറപ്പെട്ട അലകളിൽ നിന്നുതന്നെ ആ പക്ഷികൾക്ക് സന്യാസിയുടെ മനോഹിതം ഗ്രഹിക്കാൻ കഴിഞ്ഞു.

എനിക്ക് പരിചയമുള്ള ഒരു കമ്പനിയുടമ. ഭാര്യയ്ക്ക് ഒപ്പിട്ട ചെക്കുകൾ നൽകിയ ശേഷമാണ് ഓഫീസിൽ പോകുക. അവർക്കൊന്നിനും ഒരു കുറവും വരാതെ നോക്കിയെങ്കിലും അവരെന്നും അസംതൃപ്തയായിരുന്നു. ഞാനവിടെ ചെല്ലുമ്പോഴൊക്കെ ആ കമ്പനിയുടമയുടെ ഭാര്യ പറയും ഒരിക്കലും അദ്ദേഹം നേരത്തേ വീട്ടിൽ വരില്ല. കുട്ടികളുടെ പഠിത്തത്തെപ്പറ്റി ചോദിക്കില്ല എന്നൊക്കെ. ആ സ്ത്രീയെ സംബന്ധിച്ചിടത്തോളം ആഴ്ചയിൽ ഒരു ദിവസമെങ്കിലും തന്റെ ഭർത്താവ് വീട്ടിൽ തന്നോടും കുട്ടികളോടുമൊപ്പം കഴിയണമെന്നുണ്ട്. അങ്ങനെ ചെയ്താൽ അതവരെ ഉത്സാഹപ്പെടുത്തും. ഇതിനെയാണ് വാല്യു സിസ്റ്റം (Value System) എന്നു പറയുന്നത്. 2000 രൂപ ശമ്പളം കൂട്ടിക്കൊടുത്തു പ്രോത്സാഹിപ്പിക്കാനാകാത്ത ഒരു സെയിൽസ് റപ്രസന്റേറ്റീവിനെ 'സെയിൽസ് ഓഫീസർ' എന്നൊരു പദവിക്കയറ്റം മാത്രം നൽകി ഉത്സാഹിപ്പിക്കുവാൻ കഴിയും.

നമ്മളെത്ര ഉത്സാഹഭരിതരായിരുന്നാലും ചെറിയൊരു പരാജയം മതി അത് മുഴുവൻ കെടുത്തിക്കളയാൻ. അത്തരം സന്ദർഭങ്ങളിൽ ഇതോർമ്മിക്കുക:

വിജയം എത്ര സുഖകരമായ അനുഭവമാണോ അതേപോലെ പരാജയവും ഒരനുഭവമാണ്. വേറൊരുവിധത്തിൽ പറഞ്ഞാൽ നീട്ടിവച്ചിരിക്കുന്ന വിജയമാണ് പരാജയം. അത്രമാത്രം, അതുകൊണ്ട് നാം ഉത്സാഹം വെടിയരുത്.

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha